# ഗിരിദീപം

സെപ്റ്റംബർ 2026



സെപ്റ്റംബർ 08

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ

BIO MOUNTAIN FARMERS PRODUCER COMPANY LIMITED

Proud Moment of Recognition!

★★★

# AWARDED FOR EXCELLENCE

## Biomountain FPO

honoured for Outstanding Performance in Agri Infrastructure Fund 2022-26 among Top Performing FPOs







A proud milestone that reflects our commitment, collective effort and *shared success.*

**AIF - അഗ്രോ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് 2022-2026 കേരളത്തിലെ മികച്ച FPO ആയി ബയോ മൗണ്ടൻ കമ്പനിയെ**

**തിരഞ്ഞെടുക്കുകയും ബഹു. കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദീഖിൽ നിന്നും ബയോ മൗണ്ടൻ കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലക്കുഴിയിൽ, മാനേജിങ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ പി. ടി ജോസ്, ജോളി അലക്സ് എന്നിവർ സ്വീകരിച്ചു.**

സെപ്റ്റംബർ 2026

വാല്യം 09
ലക്കം 09

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. Prot. No.535/2026, Circular No. 15/2026 ........ 05
2. Prot. No.536/2026, Circular No. 16/2026 ........ 08
3. കച്ചേരിക്കാര്യം ........ 10
4. Prot. No.558/2026, - Pastoral Council ........ 13
5. ഫൊറോനാതല പാരീഷ് കൗൺസിൽ സംഗമം ........ 22
6. സെമിനാരി വാർത്തകൾ ........ 24
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 25
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 32
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 34
    തിരുബാലസഖ്യം ........ 41
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 44
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 46
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 54
    നിർമ്മലഗിരി കോളേജ് ........ 56
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എ.കെ.സി.സി. ........ 60
    കരിസ്മാറ്റിക് ........ 63
    ഫ്രാൻസിസ്കൻ അത്മായസഭ ........ 66
    ADAM ........ 67
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 69
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 72
    റേഡിയോ 4 യൂ ........ 78
    ഇൻഫാം ........ 83
15. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 84
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 85
17. Engagements - September (Archbishop Mar Joseph Pamplany) ........ 87
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 88
19. Engagements - September (Archbishop Mar George Njaralakkatt) ... 89
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 90

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 535/2026, Circular No. 15/2026

## ഡിപ്ലോമ ഇൻ ക്രിസ്ത്യൻ സ്റ്റഡീസ്

ഈശോയിൽ സ്നേഹമുള്ളവരെ,

"ഏകസത്യദൈവത്തെയും അവിടുന്ന് അയച്ച ഈശോമിശിഹായെയും അറിയുന്നതാണ് നിത്യജീവൻ" (യോഹ. 17:3) എന്ന സത്യം നമുക്കറിയാമല്ലോ. ഈശോയെ അറിയുകയും അവിടുത്തെ സുവിശേഷം ജീവിതത്തിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതാണ് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിത്തറ. ഈശോയെ അറിയുക എന്നത് ഏതാനും വിശ്വാസ സത്യങ്ങൾ മനഃപാഠമാക്കുന്നതിലോ, ചില ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നതിലോ ഒതുങ്ങുന്നതല്ല. ദൈവവചനത്തെയും സഭയുടെ വിശ്വാസ പാരമ്പര്യത്തെയും ആഴത്തിൽ ഗ്രഹിച്ച് അതനുസരിച്ച് ജീവിക്കുകയും സമൂഹത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകുകയും ചെയ്യുക എന്നതാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം.

പ്രവാചകനായ ഹോസിയായുടെ വാക്കുകൾ ഇന്നും സഭയ്ക്ക് ശക്തമായ ഒരു ഓർമപ്പെടുത്തലാണ് : "അറിവില്ലായ്മ നിമിത്തം എന്റെ ജനം നശിച്ചുപോകുന്നു." (ഹോസിയ 4:6) വിശുദ്ധ പത്രോസ് അപ്പസ്തോലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങളിലുള്ള പ്രത്യാശയുടെ കാരണം ചോദിക്കുന്ന ഏവരോടും മറുപടി പറയുവാൻ എപ്പോഴും സന്നദ്ധരായിരിക്കുവിൻ; എന്നാൽ അത് സൗമ്യതയോടും ആദരവോടുംകൂടി ആയിരിക്കട്ടെ" (1 പത്രോ. 3: 15). സഭയുടെ നവ സുവിശേഷവത്ക്കരണ ദൗത്യത്തിൽ അറിവും വിശ്വാസവും ഒരുപോലെ വളർത്തിയെടുക്കുന്ന വിശ്വാസികളാണ് ഏറ്റവും വലിയ സമ്പത്ത്. വിശ്വാസ

ത്തെക്കുറിച്ചും സഭയെക്കുറിച്ചും ഉയരുന്ന സമകാലിക ചോദ്യങ്ങൾക്ക് വിവേക പൂർവകവും സത്യസന്ധവുമായി മറുപടി നൽകാൻ കഴിയുന്ന വിശ്വാസ സമൂഹത്തെ രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ ദർശനത്തിന്റെ വെളിച്ചത്തിലാണ് നമ്മുടെ അതിരൂപതയിലെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് റിലീജിയസ് സയൻസ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി (SGOU) സഹകരിച്ച് ഡിപ്ലോമ ഇൻ ക്രിസ്റ്റ്യൻ സ്റ്റഡീസ് എന്ന ഏക വർഷ അക്കാദമിക പഠനപദ്ധതി ആരംഭിക്കുന്നത്.

ക്രൈസ്തവ പഠനങ്ങളെ ദേശീയ ഉന്നത വിദ്യാഭ്യാസരംഗത്ത് അംഗീകൃത വിജ്ഞാനശാഖയായി വളർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനാൽ ക്രിസ്ത്യൻ സ്റ്റഡീസിൽ സെക്കുലർ ബിരുദ പ്രോഗ്രാമായി വികസിപ്പിക്കാനുതകുന്ന രീതിയിലാണ് ഈ പഠന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഈ സംരംഭം ക്രൈസ്തവ പഠനങ്ങൾക്ക് ദേശീയ തലത്തിൽ പുതിയ അംഗീകാരവും ഗവേഷണ സാധ്യതകളും തുറന്നുകൊടുക്കുമെന്ന് പ്രത്യാശിക്കുന്നു. തത്വചിന്ത, വിശുദ്ധഗ്രന്ഥപഠനം, സഭാചരിത്രം, ക്രൈസ്തവ വിശ്വാസ ശാസ്ത്രം, ക്രൈസ്തവ ധാർമ്മികത, വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങൾ, മതസൗഹാർദ്ദം, സാമൂഹിക നീതി, പരിസ്ഥിതി ധാർമ്മികത തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ പഠനപദ്ധതി നമ്മുടെ വിശ്വാസത്തിന്റെ ആഴങ്ങൾ പഠിക്കുന്നതോടൊപ്പം ദേശീയ തലത്തിൽ UGC അംഗീകൃതമായ ഒരു സെക്കുലർ ബിരുദം നേടുന്നതിനും അവസരമൊരുക്കുന്നതാണ്.

ഈ പഠനപദ്ധതിയുടെ മറ്റൊരു പ്രധാന പ്രത്യേകത, ദൈവശാസ്ത്രപഠനം UGC മാനദണ്ഡങ്ങളനുസരിച്ച് സെക്കുലർ അക്കാദമിക ഘടനയിൽ രൂപകൽപ്പന ചെയ്തിരിക്കുന്നുവെന്നതാണ്. അതിനാൽ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല, അധ്യാപകർക്കും യുവജനങ്ങൾക്കും ഗവേഷകർക്കും വിശ്വാസി സമൂഹത്തിനും ഒരുപോലെ പ്രയോജനകരമാണ്. മതങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനവും സംവാദ സംസ്ക്കാരവും ശക്തിപ്പെടുത്തുന്നതിനും ഈ പഠനപദ്ധതി സഹായകമാകും.

നിങ്ങളുടെ വീടുകളിലിരുന്ന് ഓൺലൈനായി ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. അതിരൂപതയിലെ ആൽഫയുടെ ദൈവശാസ്ത്ര കോഴ്സുകൾ പൂർത്തിയാക്കാത്ത എല്ലാ മതബോധന അധ്യാപകരും ഈ ഡിപ്ലോമ കോഴ്സിൽ നിർബന്ധമായും പങ്കുചേരേണ്ട

താണ്. വിശ്വാസ രൂപീകരണ ശുശ്രൂഷയുടെ ഗുണനിലവാരം ഉയർത്തുതിനായി എല്ലാ ഇടവക വികാരിമാരും തങ്ങളുടെ ഇടവകയിലെ മതബോധന അധ്യാപകരെ ഈ പഠനപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമല്ലോ. ഇതിൽ പങ്കെടുക്കുന്ന അധ്യാപകരുടെ പഠനച്ചെലവ് ബന്ധപ്പെട്ട ഇടവക വഹിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ, സാധിക്കുന്ന യുവജനങ്ങളും മാതൃവേദി അംഗങ്ങളും കരിസ്മാറ്റിക് നവീകരണ രംഗങ്ങളിലുള്ളവരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. കുടുംബ കൂട്ടായ്മ ഭാരവാഹികൾ ഈ പഠനപദ്ധതി പ്രയോജനപ്പെടുത്തുന്നത് കുടുംബ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നയിക്കാൻ സഹായകമാകും. കോർപ്പറേറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക നിയമനം ആഗ്രഹിക്കുന്ന ക്രൈസ്തവ ഉദ്യോഗാർത്ഥികൾക്കും ഈ കോഴ്സ് പ്രത്യേക പ്രയോജനം നൽകുന്നതാണ്.

വിജ്ഞാനത്തിൽ വളരുന്ന വിശ്വാസവും വിശ്വാസത്തിൽ ആഴപ്പെടുന്ന ജീവിതവുമാണ് സഭയുടെ ഭാവി. ഈ പഠനപദ്ധതി നമ്മുടെ അതിരൂപതയിലെ വിശ്വാസ രൂപീകരണ പ്രവർത്തനങ്ങൾക്ക് നവോന്മേഷം പകരുകയും ക്രൈസ്തവ പഠനങ്ങളുടെ അക്കാദമിക വളർച്ചയ്ക്ക് ഉറച്ച അടിത്തറയാകുകയും ചെയ്യട്ടെയെന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

എല്ലാവരുടെയും ആത്മാർഥമായ സഹകരണവും നിരന്തരമായ പ്രാർഥനയും അഭ്യർഥിച്ചുകൊണ്ട് പിതാവിന്റെയും ✝പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിക്കുന്നു.

സ്നേഹപൂർവം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഓഗസ്റ്റ് 15 ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 536/2026, Circular No. 16/2026

## പ്രളയദുരിതാശ്വാസം

ഈശോയിൽ സ്നേഹമുള്ളവരേ,

2026 ആഗസ്റ്റ് 1-ാം തീയതി ഉണ്ടായ ശക്തമായ മഴയിൽ മലയോരത്തെ വിവിധ പ്രദേശങ്ങളിൽ വലിയ നാശനഷ്ടങ്ങളാണ് സംഭവിച്ചത്. മനുഷ്യരുടെ സാധാരണ ജീവിതത്തെ സ്തംഭിപ്പിച്ച പ്രകൃതി ദുരന്തത്തിനാണ് യഥാർഥത്തിൽ നമ്മൾ സാക്ഷികളായത്. ചെറുപുഴ, ഉദയഗിരി, ഈസ്റ്റ് എളേരി എന്നീ മൂന്ന് പഞ്ചായത്തുകളിൽപ്പെടുന്ന ജോസ്ഗിരി, താബോർ, രാജഗിരി, അരിവിളഞ്ഞപൊയിൽ, പാലാവയൽ, തയ്യേനി എന്നീ പ്രദേശങ്ങളിലാണ് പ്രകൃതി താണ്ഡവമാടിയത്. ദൈവാനുഗ്രഹത്താൽ ആളപായം ഒഴിവായത് വലിയ ആശ്വാസം നല്കുന്ന കാര്യമാണെങ്കിലും ഒട്ടനവധി ആളുകൾ ഇപ്പോഴും വലിയ ദുരിതത്തിൽ കഴിയുകയാണ്. ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് നമ്മുടെ ആളുകൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഞാൻ നേരിട്ട് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ഈ പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് സർക്കാരിന്റെ മുമ്പിൽ അഭ്യർഥിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭം കഴിഞ്ഞ് ദിവസങ്ങൾ പിന്നിട്ടിട്ടും മലയോരത്തെ പല പ്രദേശങ്ങളിലും സാധാരണ ജീവിതം ഇനിയും സാധ്യമായിട്ടില്ല. ജോസ്ഗിരി, താബോർ, രാജഗിരി, തയ്യേനി പ്രദേശങ്ങളിലായി 53 വീടുകൾ പൂർണ്ണമായി തകർന്നു. പല വീടുകളുടെയും പിൻഭാഗത്ത് വലിയ മൺകൂനകൾ പതിച്ചിരിക്കു

കയാണ്. പ്രകൃതിക്ഷോഭത്തിൽ വിഷമിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കുവാൻ നമുക്ക് കടമയുണ്ട്. സാധാരണ ജീവിതത്തിലേക്ക് അവരെ മടക്കിക്കൊണ്ടുവരുവാൻ നമുക്ക് കഴിയുന്നതൊക്കെ ചെയ്യാം. സർക്കാർ സംവിധാനങ്ങളിലൂടെ വളരെ ചെറിയ സഹായങ്ങളെ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ അടുത്ത ഞായറാഴ്ചത്തെ (23.08.2026) ദിവ്യബലിമധ്യേയുള്ള സ്തോത്രക്കാഴ്ച പ്രകൃതിക്ഷോഭത്തിൽ ബുദ്ധിമുട്ടുന്ന സഹോദരങ്ങളെ സഹായിക്കുവാനായി നമുക്ക് പ്രയോജനപ്പെടുത്താം. നിങ്ങളാൽ കഴിയുംവിധം ഒരു ദിവസത്തെ വരുമാനമെങ്കിലും ഈ നിയോഗത്തിനായി നിങ്ങൾ സമർപ്പിക്കുമല്ലോ. നമ്മുടെ സഹോദരങ്ങളുടെ വേദനയിൽ നമുക്ക് പങ്കുചേരാം. നിങ്ങളുടെ സന്മനസ്സിന് ഹൃദയപൂർവം നന്ദി.

നിരന്തരം നമ്മെ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവശക്തനായ ദൈവത്തിന് നിങ്ങളെ ഓരോരുത്തരെയും ഭരമേല്പിച്ചുകൊണ്ട് പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിക്കുന്നു.

സ്നേഹപൂർവം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ആഗസ്റ്റ് 15 ന് പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ പള്ളികളിൽ വായിച്ചതാണ്.

# കച്ചേരിക്കാര്യം
## സെപ്റ്റംബർ 2026

**1. പുതിയ നിയമനം**

റവ. ഫാ. ഇമ്മാനുവേൽ കൂനങ്കിയേൽ – വികാരി, പെരിങ്ങാല

**2. എട്ടുനോമ്പാചരണം**

അനുഗ്രഹീതയും ഭാഗ്യവതിയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പ് വലിയ പ്രാധാന്യത്തോടെ ആചരിക്കുന്ന പാരമ്പര്യമാണല്ലോ നമ്മുടെ സഭയിലുള്ളത്. ദൈവമാതൃഭക്തി വർധിപ്പിക്കുവാനുള്ള അവസരമാക്കി ഈ വർഷത്തെ എട്ടുനോമ്പാചാരണത്തെ നമുക്ക് മാറ്റാം. ദൈവാലയങ്ങളിൽ എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി ആഘോഷമായ ആത്മീയ ശുശ്രൂഷകൾ ക്രമീകരിക്കുകയും ഈ തിരുനാൾ ആഘോഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുമല്ലോ.

**3. ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം**

തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം 2026 സെപ്റ്റംബർ 26 ന് ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തുന്നതാണ്. ബഹു. വൈദികരെയും അവരുടെ മാതാപിതാക്കളെയും സ്നേഹത്തോടെ ഈ സംഗമത്തിലേക്ക് ക്ഷണിക്കുന്നു.

**4. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

ബഹു. വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനം 2026 സെപ്റ്റംബർ 20 ഞായറാഴ്ച മുതൽ 25 വെള്ളിയാഴ്ച വരെ പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. ഞായറാഴ്ച രാത്രി 7 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 നാണ് ധ്യാനം അവസാനിക്കുന്നത്.

**5. ബഹു. സിസ്റ്റേഴ്സിന്റെ സംഗമം (ചെറുപുഴ മേഖല)**

തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന്റെ സംഗമം (ചെറുപുഴ മേഖല) 2026 സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്യുകയും ബഹു. റോയി കണ്ണഞ്ചിറ സി.എം.ഐ അച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും ചെയ്യും.

**6. ആശംസകൾ**

**1. റവ. ഫാ. ജോൺപോൾ പൂവത്താനിക്കൽ :** റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ സഭാനിയമത്തിൽ ഡോക്ടറേറ്റ് പഠനത്തിനായും ഇറ്റലിയിലെ തീവോളി രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കുമായി സെപ്റ്റംബർ 20 ന് യാത്രയാകുന്ന ബഹു. ജോൺപോൾ പൂവത്താനിക്കൽ അച്ചന് പ്രാർഥനാശംസകൾ.

**2. റവ. ഫാ. മാത്യു പരിയാനിക്കൽ :** റോമിലെ ആഞ്ചെലിക്കും യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി സെപ്റ്റംബർ 20-ാം തീയതി യാത്രയാകുന്ന ബഹു. മാത്യു പരിയാനിക്കൽ അച്ചന് പ്രാർഥനാശംസകൾ.

**7. ആദരാഞ്ജലികൾ**

**1. ശ്രീമതി മേരി ജോസഫ് വടക്കേമുളഞ്ഞനാൻ (92):** ബഹു. തോമസ് വടക്കേമുളഞ്ഞനാൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരി ജോസഫ് വടക്കേമുളഞ്ഞനാൽ 2026 ആഗസ്റ്റ് 01 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ആഗസ്റ്റ് 02 ന് പേരാവൂർ സെന്റ് ജോസഫ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജിനു അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാകുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**2. ശ്രീമതി ത്രേസ്യാമ്മ പട്ടമന (91):** ബഹു. മാത്യു പട്ടമന അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ പട്ടമന 2026 ആഗസ്റ്റ് 20 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ആഗസ്റ്റ് 23 ഞായറാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമിക

ത്വത്തിൽ കരിക്കോട്ടക്കരി സെന്റ് തോമസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർഥിക്കാം.

**8. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഴുവഞ്ചേരി | - 02-09-1985 |
| 2. | റവ. ഫാ. ഇഗ്നേഷ്യസ് മുളങ്കാട്ടിൽ | - 04-09-2023 |
| 3. | റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം | - 05-09-2007 |
| 4. | റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ | - 11-09-2020 |
| 5. | റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ | - 13-09-2013 |
| 6. | റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. | - 15-09-1966 |
| 7. | റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. | - 17-09-1988 |
| 8. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) | - 19-09-1979 |
| 9. | റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. | - 20-09-1979 |
| 10. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) | - 20-09-1988 |
| 11. | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് | - 22-09-1982 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

**Prot. No. 558 /2026** **24.08.2026**

# ARCHEPARCHY OF TELLICHERRY

## CONSTITUTION OF THE 20th PASTORAL COUNCIL

I, Archbishop Joseph Pamplany, hereby constitute the 20th Pastoral Council of the Archeparchy of Thalassery consisting of the following members. The duration of this council will be from August 2026 - December 2029.

**Fr. Joseph Muttathukunnel**
*Chancellor*

**✝ Mar Joseph Pamplany**
*Archbishop of Thalassery*

**<u>EX OFFICIO MEMBERS</u>**

| | | |
|---|---|---|
| 01. | Mar Joseph Pamplany | President |
| 02. | Msgr. Antony Muthukunnel | Vice President (Proto Syncellus) |
| 03. | Msgr. Sebastian Palakuzhy | Vice President (Syncellus) |
| 04. | Msgr. Mathew Elamthuruthipadavil | Vice President (Syncellus) |
| 05. | Fr. Joseph Muttathukunnel | General Secretary (Chancellor) |
| 06. | Fr. Joseph Kakkaramattathil | Finance Officer |
| 07. | Fr. Jose Vettickal | Judicial Vicar |
| 08. | Fr. Philip Kaviyil | Cathedral Vicar, AKCC, Media |
| 09. | Fr. George Kovattu | Director, Sandesa Bhavan & Family Ap. |
| 10. | Fr. Scaria Vadasseril | Manager, Corporate Education Agency |
| 11. | Fr. Antony Kidarathil | Director, Catechetical Apostolate |
| 12. | Fr. Joseph Vayalumkal | Director, CML |
| 13. | Fr. Mathew Mukkuzhy | Director KCYM |
| 14. | Fr. Mathew Kottukappally | Director, Bible Ap. & Alpha Institute |
| 15. | Fr. Scaria Varambakath | Director, TSSS |
| 16. | Fr. Joseph Cheriyamkunnel | Asst. Director, TSSS |
| 17. | Fr. John Nooranmackal | Director, Sanjose Academy |
| 18. | Fr. Kuriakose Kolakunnel | Director, Pratheeka, KCBC MVS, Muk. |
| 19. | Fr. Kalarimuriyil George | Director, ADAM |

| | | |
|---|---|---|
| 20. | Fr. Thomas Kalathil | Director, FM Radio |
| 21. | Fr. John Koovapparayil | Tellme Creations |
| 22. | Fr. Thomas Amakkattu | Director, Priest Home |
| 23. | Fr. James Puthennada | Director, Mother Home |
| 24. | Fr. Abraham Puthussery | Director, Karuvanchal Hospital |
| 25. | Fr. Thomas Kochukarottu | Bursar, Nirmalagiri College |
| 26. | Fr. James Chellamkottu | Manager, Vimal Jyothi EngineeringCollege |
| 27. | Fr. Mathew Valiyaparmabil | Director, Sancta Matha Nursing College |
| 28. | Fr. Sebastian Chennoth | Director , Karunalayam, Santhwanam |
| 29. | Fr. George Asarikunnel | Manager, Santhom Estate Kunnoth |
| 30. | Fr. Augustine Vadakkan | Manager, San Maria Estate Keezhpally |
| 31. | Fr. Sebastian Cheripurath | Director, SIFAM Ponniam |
| 32. | Fr. Scaria Nirappel | Director, Bio - Mountain |
| 33. | Fr. Kuriakose Kalarickal | Member, Consulters body |
| 34. | Fr. Sebastian Vemmenikkattayil | Resident Manager, Deepika |
| 35. | Fr. Abraham Kochupurackal | Center Liturgical Committee Member |
| 36. | Fr. Xaviour Puthenpura (Snr) | Director Charismatic Movement |
| 37. | Fr. Mathew Pattamana | Rector, Major Seminary Kunnoth |
| 38. | Fr. Thomas Melvettath | Rector, Major Seminary Vellarikundu |
| 39. | Fr. Thomas Olikkarottu | PRO Syro-Malabar Church |
| 40. | Fr. Thomas Mappilapparambil | Major Seminary, Vadavathoor |
| 41. | Fr. Thomas Thadathilputheveetil | Major Seminary, Mangalappuzha |
| 42. | Fr. Joseph Kavanadiyil | National General Secretary, INFAM |
| 43. | Fr.Vincent Mattathikunnel OFM Cap. | Director, SFO |
| 44. | Fr. Antony Punnure | Proto presbyter: Alakode |
| 45. | Fr. Antony Manjalamkunnel | „ Chempanthotty |
| 46. | Fr. Thomas Thayyil | „ Chemperi |
| 47. | Fr. Philip Eruppakkattu | „ Cherupuzha |
| 48. | Fr. Thomas Vadakkemury | „ Edoor |
| 49. | Fr. George Kalappura | „ Kanhangad |
| 50. | Fr. Joseph Poovatholil | „ Kasargod |
| 51. | Fr. Sebastian Mookkilikkattu | „ Kunnoth |
| 52. | Fr. Joseph Thykkunnumpuram | „ Malome |
| 53. | Fr. Pious Padinjaremuriyil | „ Manikkadave |

| | | | |
|---|---|---|---|
| 54. | Fr. Mathew Valavanal | Proto presbyter: | Marygiri |
| 55. | Fr. Mathew Mulayolil | „ | Nellickampoil |
| 56. | Fr. John Onamkulam | „ | Paisakary |
| 57. | Fr. Chacko Kudiparambil | „ | Panathady |
| 58. | Fr. Mathew Thekkemury | „ | Peravoor |
| 59. | Fr. Mathew Asariparambil | „ | Thaliparamba |
| 60. | Fr. Mani Melvettam | „ | Thomapuram |
| 61. | Fr. Thomas Thengumpallil | „ | Vayattuparamba |
| 62. | Fr. Johnson Anthyamkulam | „ | Vellarikkundu |

**RESIDENT/ COORDINATOR & SECRETARY**

| | | |
|---|---|---|
| 63. | Mr. Philip Veliyath | President, AKCC |
| 64. | Mr. Sunil Mathew Chennikkara | President, CML |
| 65. | Mr. Manoj Mudavanattu | Secretary, CML |
| 66. | Mr. Abin Vadakkekara | President, KCYM |
| 67. | Mrs. Cicy Emmanuel Thaipparambil | President, Mathruvedi |
| 68. | Mrs. Lincy Jijimon Kunnumpurath | Secretary, Mathruvedi |
| 69. | Mr. Lawrence Kadikkattu | President, Prolife |
| 70. | Mrs. Shyni Pradeep Kandathil | Treasure, Prolife |
| 71. | Mr. Johny Thomas Vadakkekkara | Coordinator, *Kudumba Koottayma* |
| 72. | Mr. Sibykutty Mlamalapathalil | Secretary, *Kudumba Koottayma* |
| 73. | Ms. Sobbi Munjanattu | President, Marian Singles |
| 74. | Mr. Thankachan Kollakombil | Vice President, *MadyaVirudha Samithi* |
| 75. | Mr. Devasia Thypparambil | Secretary, *MadyaVirudha Samithi* |
| 76. | Mrs. Shino Parackal | President, Mukthisree |
| 77. | Ms. Solly Ramachanattu | Secretary, Mukthisree |
| 78. | Mr. Tonis George Edasserikattil | Chief Organizer ADSU |
| 79. | Mr. Joshy Kunnath | President, TSSS |
| 80. | Mr. Yesudas Illickal | President, SFO |
| 81. | Mr. Sunny Thomas Nediyakalayil | President, Vincent De Paul Society |
| 82. | Mr. Jinil Markose | President, Teacher's Guild |

| | | |
|---|---|---|
| 83. | Mr. Tomy Kanayankal | DFC |
| 84. | Mr. Aji Joseph Poomthottathil | President, INFAM |
| 85. | Mr. Scaria Nellamkuzhiyil | INFAM, State Vice President |
| 86. | Mr. Santhosh Thalchira | Secretary, Charismatic Movement |
| 87. | Adv. Binoy Omathadam | Member Catholic Council |
| 88. | Sr. Dr. Lillisa SABS | KCBC Health Commission Secretary |

**RELIGIOUS SUPERIORS**

| | | |
|---|---|---|
| 89. | Sr. Jeseentha Sebastian NS | Superior General |
| 90. | Fr. Vinod Mangattil OFM Cap | Provincial Superior |
| 91. | Sr. Treesa Palackal SH | ,, |
| 92. | Sr. Anila Mannoor SABS | ,, |
| 93. | Sr. Anjaly FCC | ,, |
| 94. | Sr. Little Therese CMC | ,, |
| 95. | Sr. Lucy Jose MSMI | ,, |
| 96. | Sr. Tess Mathew SMS | ,, |
| 97. | Sr. Litty Francis SKD | Regional Superior |

**ELECTED FROM PRESBYTERAL COUNCIL**

| | | |
|---|---|---|
| 98. | Fr. Jacob Vennayippallil | Presbyteral Council Representative |
| 99. | Fr. Mathew Kallingal | ,, |

**FORANE REPRESENTATIVES**

| | | |
|---|---|---|
| 100. | Fr. Thomas Chakkittamuriyil | Alakode Forane |
| 101. | Mr. Tomy Choorakkunnel | ,, |
| 102. | Mr. Jinto Kurinjirappallil | ,, |
| 103. | Ms. Ashna Palappallil | ,, |
| 104. | Fr. Fr. Thomas Cheruvil | Chempanthotty Forane |
| 105. | Mr. Soyi Joseph Puravakkattu | ,, |
| 106. | Mr. Ebin Issac Kanjirathinkal | ,, |
| 107. | Ms. Jolly Jacob Vettuvayalil | ,, |
| 108. | Fr. Thomas Paimpillil | Chemperi Forane |
| 109. | Mr. Mani Kaniyarolickal | ,, |
| 110. | Mr. Albin Kavalakkatt | ,, |
| 111. | Ms. Sheeba Thekkedath | ,, |

| | | |
|---|---|---|
| 112. | Fr. Kuriakose Arackal | Cherupuzha Forane |
| 113. | Mr. Manoj Vadakkel | ,, |
| 114. | Mr. Binil Thomas Elavunkal | ,, |
| 115. | Ms. Cicy SajanPazhayaparambil | ,, |
| 116. | Fr. Martin Kizhakkethalackal | Edoor Forane |
| 117. | Mr. P.V. Babu Palattikoonathan | ,, |
| 118. | Mr. Jisbin Kuzhikkattil | ,, |
| 119. | Ms. Shyny M. Peter Vettiyolil | ,, |
| 120. | Fr. Thomas Pallickal | Kanhangad Forane |
| 121. | Mr. Jibin James Ellickal | ,, |
| 122. | Mr. Anto P.L. Padayattil | ,, |
| 123. | Ms. Mercy Saji Vathappallil | ,, |
| 124. | Fr. Louie Mariadas Menacherry | Kasaragod Forane |
| 125. | Mr. James Chirayil | ,, |
| 126. | Mr. Alvin K Benny Kottukappally | ,, |
| 127. | Ms. Swapna Mannur | ,, |
| 128. | Fr. George Achandy | Kunnoth Forane |
| 129. | Mr. Kuriachan Paimpallikkunnel | ,, |
| 130. | Mr. Sajeesh Poovathinkal | ,, |
| 131. | Ms. Shiji Kanjamala | ,, |
| 132. | Fr. Alex Nirappel | Malome Forane |
| 133. | Mr. Andrews Vattakkunnel | ,, |
| 134. | Mr. Albert Kanjamala | ,, |
| 135. | Ms. Bincy Jains Thokkanattu | ,, |
| 136. | Fr. Mathew Kunnel | Manikkadavu Forane |
| 137. | Mr. Benny Anjilithoppil | ,, |
| 138. | Mr. Pratheesh Mulanthanathu | ,, |
| 139. | Ms. Chechamma Kizhakkethakidiyel | ,, |
| 140. | Fr. George Thykkunnumpuram | Marygiri Forane |
| 141. | Mr. Shelmon Pynadathu | ,, |
| 142. | Mr. Jobin Kurinjikkattu | ,, |
| 143. | Ms. Solly Neimannil | ,, |

| | | |
|---|---|---|
| 144. | Fr. Augustine Arackal | Nellickampoil Forane |
| 145. | Mr. Tomy Vettikkattu | „ |
| 146. | Mr. Sharun Kurumullamthadathil | ,, |
| 147. | Ms. Bindhu M. Chacko Thekkeparambil | ,, |
| 148. | Fr. Abraham Madathimyalil | Paisakary Forane |
| 149. | Mr. Jose Mathew Mandapathil | „ |
| 150. | Mr. Jobin Jose Kelakath | „ |
| 151. | Ms. Jolly Thomas Kaliyaniyil | „ |
| 152. | Fr. Joseph Pandaladickal | Panathady Forane |
| 153. | Mr. Pius Paredom | „ |
| 154. | Mr. Shijith Madavapally | „ |
| 155. | Ms. Thankamma Achandy | „ |
| 156. | Fr. George Kanjirakkattu | Peravoor Forane |
| 157. | Mr. George Kanatt | „ |
| 158. | Mr. Jince Kalamundayil | „ |
| 159. | Ms. Shanti Pulickakunnel | „ |
| 160. | Fr. John Mundolickal | Thaliparamba Forane |
| 161. | Adv. Martin Kottarathil | „ |
| 162. | Mr. Joyal Nellunilkumthadathil | „ |
| 163. | Adv. Mary Mathew Naganoolil | „ |
| 164. | Fr. Varghese Cheriyampurath | Thomapuram Forane |
| 165. | Mr. Tomichan T. Vattoth | „ |
| 166. | Mr. Athul Thomas Chirattayolil | „ |
| 167. | Ms. Daisy Remegius Machiyanikal | „ |
| 168. | Fr. Jacob Pallineerakkal | Vayattuparamba Forane |
| 169. | Mr. P. J. Mathew Puthenpurayil | „ |
| 170. | Mr. Thankamma Kanjiravila | „ |
| 171. | Ms. Nimmi Aruthundathil | „ |
| 172. | Fr. James Moonnanappally | Vellarikundu Forane |
| 173. | Mr. Joseph Anakkallil | „ |
| 174. | Mr. Jacob Palanilkkumthottiyil | „ |
| 175. | Ms. Shiji Cheruvelil | „ |

## REPRESENTATIVES OF INSTITUTIONS

| | | |
|---|---|---|
| 176. | Mr. Deepu Joseph Kalappurayil | Staff Rep., Nirmalagiri College |
| 177. | Mr. Joseph Manuel Maruthumkuzhiyil | Staff Rep., VJEC |
| 178. | Dr. Fr. Santhosh Nedungatt | Principal, St. Jude's HSS Vellarikundu |
| 179. | Ms. Raji Kurian Pathippallil | HM, St. Thomas HS Karikkottakari |
| 180. | Mr. Mathew Joseph Varampunkal | HM, St. John's UPS Thondiyil |
| 181. | Ms. Rani Thomas Thayyil | HM, St. Sebastian's LPS Rathnagiri |

## REPRESENTATIVES OF ORGANIZATIONS

| | | |
|---|---|---|
| 182. | Mr. Johnson P.J. Pottackal | Staff Rep. Sunday School |
| 183. | Mr. Babu P. M. Pathipallil | Staff Rep. Sunday School |
| 184. | Adv. Tony Joseph Punchakkunnel | Global Treasurer AKCC |
| 185. | Mr. Suresh George Kanjirathinkal | AKCC |
| 186. | Mr. Jimmi Aithamattam | AKCC |
| 187. | Mrs. I. C. Mary Mundattuchundayil | DFC |
| 188. | Mr. Shijo Srayil | CML |
| 189. | Mr. Sheby Kizhakkel | SFO |
| 190. | Mr. Thankachan Vazhakalayil | SFO |
| 191. | Ms. Rejeena J. Thekkepparambil | Mathruvedi (Treasurer) |
| 192. | Mr. Babu Joseph Kottarathil | Vincent De Paul (Vice President) |
| 193. | Ms. Lissy Sebastian Kavalath | Vincent De Paul (Women Rep.) |
| 194. | Ms. Jolly Sebastian Karakkunnel | Vincent De Paul (National Coun.Rep.) |
| 195. | Miss. Aleykutty Edattu | CML (International Vice President) |
| 196. | Mr. Jaison Pulichumackal | CML (State Secretary) |
| 197. | Mr. Binoy Puthiyamangalam | Charismatic Movement |
| 198. | Mr. Devasia C K Chiramattel | TSSS |
| 199. | Mr. George TJ Thekkemuriyil | TSSS |
| 200. | Mr. Jineesh Panthappallil | Parish Council Representative Cathedral |
| 201. | Sr. Telma SABS | Parish Council. Representative Cathedral |

## RELIGIOUS REPRESENTATIVES

| | | |
|---|---|---|
| 202. | Fr. Francis Chenginiyadan | CST |
| 203. | Fr. Mathew Kulapuram | CMI |

| | | |
|---|---|---|
| 204. | Bro Johny Joseph | CST |
| 205. | Bro. Manuel J. Paikada | MMB |
| 206. | Sr. Liji | DST |
| 207. | Sr. Ancy John | CSSE |
| 208. | Sr. Sajeeva | MSJ |

**NOMINATED MEMBERS**

| | | |
|---|---|---|
| 209. | Sr. Cincy Maria SH | Christuraj Hospital, Thokkilangady |
| 210. | Sr. Stella SABS | Josegiri Hospital, Thalassery |
| 211. | Mr. George Thayyil | Deepika, Kannur |
| 212. | Mr. Jacob Padinjath CA | Archeparchial Auditor |
| 213. | Mr. Thomas Padinjath | Engineer, Kannur |
| 214. | Mr. James Mannoor | Engineer, Vellad |
| 213. | Dr. Ouseppachan Nalolickal | Principal, Arts & Science College, Nirmalagiri |
| 216. | Dr. Sabu Sebastian | Principal, Nirmalagiri College |
| 217. | Dr. P. P. Sajimon Palackal | Kasargod |
| 218. | Adv. John Joseph Thalackal | Thalassery |
| 219. | Mr. Denny Thomas Vattakunnel | Deepika Director, Board Member |
| 220. | Mr. Benny Vazhapally | Deepika Director, Board Member |
| 221. | Adv. Sunny Augustine Vellakkada | Peravoor |
| 222. | Adv. Sheeja Karukulam | Angadikkadavu |
| 223. | Mr. Binoy Mattel | Bio Mountain, Director Board Member |
| 224. | Mr. Joby Moolayil | Kannivayal |
| 225. | Mr. M. J. Mathew Mandapathil | Edoor |
| 226. | Mr. Benny Puthiyampuram | Kunnoth |
| 227. | Adv. Thomas Smith | Thomapuram |
| 228. | Mr. Tomy Kurisummoottil | Thaliparamba |
| 229. | Mr. P. T Jose Pulickal | Kannur |
| 230. | Mr. Mathewkutty Panthaplackal | Chedikulam |
| 231. | Mrs. Lincy P. Sam Plackiel | Principal, Sanjose Metropolitan School |
| 232. | Mr. Joshua Ozhukayil | Vellarikundu |
| 233. | Dr. K. V. Philomina Vettickal | Sreekandapuram |

| | | |
|---|---|---|
| 234. | Mr. Sunny Manimalatharappel | Chemperi |
| 235. | Mr. Rajesh Karakkattu | Iritty |
| 236. | Mr. Siby Paikada | Thaliparamba |
| 237. | Mr. Baby Tholani | Nellicampoil |

**SPECIAL INVITEES**

| | | |
|---|---|---|
| 238. | Adv. Sunny Joseph | Minister |
| 239. | Mr. John Brittas | MP |
| 240. | Adv. Sajeev Joseph | MLA |
| 241. | Adv. Sony Sebastian | Velllad |
| 242. | Adv. Martin George | Kannur |
| 243. | Mr. Jose Chukkanani | Thaliparamba |
| 244. | Mr. Saji Kuttiyanimattam | Vellad |
| 245. | Dr. Jobi K. Jose Kanjarakattu | Kannur, University Registrar |
| 246. | Dr. Jose Geroge Plathottam | Kannur |
| 247. | Mr. Sabu Issac Manimala | Chemperi |
| 248. | Mr. Benny John Cherikkathadathil | Payyavoor |

# ഫൊറോനാതല പാരീഷ് കൗൺസിൽ സംഗമം

2026-2029 വർഷങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പാരീഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സംഗമം ചുവടെ ചേർത്തിരിക്കുന്ന തീയതികളിൽ അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നടക്കുന്നതാണ്. പ്രസ്തുത സംഗമത്തിൽ അതാതു ഫൊറോനാകളിലെ എല്ലാ ഇടവകാവികാരിമാരും മദർ സുപ്പീരിയേഴ്സും പാരീഷ് കൗൺസിൽ അംഗങ്ങളും ഫൊറോനാ വികാരി നിശ്ചയിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് തന്നെ എത്തിച്ചേരേണ്ടതാണ്. ചില തീയതികളിൽ വന്ന മാറ്റം ശ്രദ്ധിക്കുമല്ലോ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. എല്ലാ അംഗങ്ങളേയും പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക.
2. പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം അതാതു ഫൊറോനായുടെ ഉത്തരവാദിത്വത്തിൽ നൽകുക.
3. എല്ലാ സംഗമങ്ങൾക്കും പ്രൊജക്ടർ, കോഡ്ലെസ്സ് മൈക്ക് എന്നിവ നിർബന്ധമായും കരുതുക.
4. സംഗമ വിവരങ്ങൾ :

| തീയതി | ദിവസം | ഫൊറോന | സമയം |
|---|---|---|---|
| 31-08-2026 | തിങ്കൾ | പേരാവൂർ | 10.00 am |
| 31-08-2026 | തിങ്കൾ | നെല്ലിക്കാംപൊയിൽ | 2.30 pm |
| 28-09-2026 | തിങ്കൾ | മണിക്കടവ് | 10.00 am |
| 28-09-2026 | തിങ്കൾ | എടൂർ | 2.30 pm |
| 09-10-2026 | വെള്ളി | പനത്തടി | 10.00 am |
| 09-10-2026 | വെള്ളി | കാഞ്ഞങ്ങാട്, കാസർഗോഡ് | 2.30 pm |
| 12-10-2026 | തിങ്കൾ | ചെമ്പേരി | 2.30 pm |
| 15-10-2026 | വ്യാഴം | പൈസക്കരി | 2.30 pm |
| 16-10-2026 | വെള്ളി | ചെമ്പന്തൊട്ടി | 10.00 am |
| 16-10-2026 | വെള്ളി | തളിപ്പറമ്പ് | 2.30 pm |
| 23-10-2026 | വെള്ളി | മേരിഗിരി | 10.00 am |
| 23-10-2026 | വെള്ളി | വായാട്ടുപറമ്പ | 2.30 pm |
| 24-10-2026 | ശനി | ആലക്കോട് | 2.30 pm |
| 30-10-2026 | വെള്ളി | തോമാപുരം | 10:00 am |
| 30-10-2026 | വെള്ളി | ചെറുപുഴ | 2.30 pm |
| 04-11-2026 | ബുധൻ | മാലോം | 10:00 am |
| 04-11-2026 | ബുധൻ | വെള്ളരിക്കുണ്ട് | 2.30 pm |
| 13-11-2026 | വെള്ളി | കുന്നോത്ത് | 2.30 pm |

## 5. Time Arrangements

### Morning / Afternoon

| | | |
|---|---|---|
| 9.30 am / 2.00 pm | : | Arrival & Tea |
| 10.00 am / 2.30 pm | : | Prayer Song |
| 10.05 am / 2.35 pm | : | Welcome Speech - Forane Vicar |
| 10.10 am / 2.40 pm | : | Inauguration & Orientation Talk |
| | : | Archbishop Mar Joseph Pamplani |
| 10.30 am / 3.00 pm | : | Session I - Mission and Vision<br>Msgr. Sebastian Palakuzy |
| 11.00 am / 3.30 pm | : | Ice Breaking |
| 11.10 am / 3.40 pm | : | Session II - Edu Spark<br>Msgr. Antony Muthukunnel |
| 11.40 am / 4.10 pm | : | Session III - My Role and Mission in Forming a Faith - Filled Family & Parish<br>Very Rev. Frs. Dr. Joseph Kakkaramattam / Dr. Joseph Muttathukunne / Dr. George Kovattu |
| 12.10 pm / 4.40 pm | : | Discussions & Interactions: Moderator<br>Archbishop Mar Joseph Pamplani |
| 1.10 am / 5.30 pm | : | Vote of Thanks - Forane Coordinator |
| 1.15 am / 5.35 pm | : | Agape |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# സെമിനാരി വാർത്തകൾ

**പരിശീലനവർഷം - ഉദ്ഘാടനം**

2026-27 അധ്യയന വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. താമരശ്ശേരി രൂപതാമെത്രാൻ അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവാണ് ഉദ്ഘാടനം നിർവഹിച്ചത്.

**അഭിനന്ദനങ്ങൾ! ആശംസകൾ**

**1. ഡീ. ജോസഫ് ആനാനിയുറുമ്പേൽ**

ജൂലൈ 17 വെള്ളിയാഴ്ച രാവിലെ 6:30 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിൽ നിന്നും മ്ശംശാനൂസാ പട്ടം (ഡീക്കൻ പട്ടം) സ്വീകരിച്ചു. മാലോം ഇടവകാംഗമായ ഡീ. ജോസഫ് റോമിൽ ആണ് ദൈവശാസ്ത്രപഠനം പൂർത്തീകരിച്ചത്. ബഹു. ഡീക്കന് അഭിനന്ദനങ്ങളും ആശംസകളും.

**2. ബ്രദർ. ഡോൺ ബോസ്കോ വേങ്ങപ്പള്ളി**

ദൈവശാസ്ത്ര പഠനത്തിനായി റോമിലേക്ക് യാത്ര തിരിച്ച ബ്രദർ ഡോൺ ബോസ്കോ വേങ്ങപ്പള്ളിക്ക് ആശംസകളും പ്രാർഥനകളും നേരുന്നു. ബ്രദർ ഡോൺ ബോസ്കോ മണിക്കടവ് ഇടവകാംഗമാണ്.

**3. ബ്രദർ അലക്സ് വേലംകുന്നേൽ**

ചെന്നൈ സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഉയർന്ന മാർക്കോടെ പി.ജി. പൂർത്തിയാക്കിയ ബ്രദർ അലക്സ് വേലംകുന്നേലിന് ഹൃദയം നിറഞ്ഞ ആശംസകൾ. തോമാപുരം ഇടവകാംഗമായ ബ്രദർ അലക്സ് ഇപ്പോൾ കോട്ടയം വടവാതൂർ സെമിനാരിയിൽ ഫിലോസഫി പഠനം നടത്തുകയാണ്.

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

സെപ്റ്റംബർ എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശാക്കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് (രക്ഷയുടെ പാതയിൽ) നമുക്ക് നയിക്കാം.

**1. വിയാനി ഡേ – നന്ദി**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. വൈദികരെ ആദരിച്ച എല്ലാ വിശ്വാസപരിശീലകർക്കും കുട്ടികൾക്കും നന്ദി.

**2. ഏകദിന സെമിനാർ**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ ഫൊറോനകളിൽവെച്ച് നടത്തി. മാലോം, ആലക്കോട്, എടൂർ, കുന്നോത്ത് ഫാ. ആന്റണി കിടാരത്തിൽ, ഫാ. ജെൻസൻ ലാസലെറ്റ്, ബാബു പതിപ്പള്ളിൽ സാർ എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. സെമിനാറിന് നേതൃത്വം നൽകിയ എല്ലാ ഫൊറോന വികാരിമാർക്കും, പ്രധാനാധ്യാപകർക്കും, പങ്കെടുത്ത എല്ലാ വിശ്വാസ പരിശീലകർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

**3. ജീവന്റെ ഉറവ് 2026 (Fons Vitae 2026) – നന്ദി**

ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ

ഒരുക്കുന്ന 4-ാം ക്ലാസ്സിലെ അധ്യാപകർക്കുള്ള "ജീവന്റെ ഉറവ് 2026" ഏകദിനസെമിനാർ **ഓഗസ്റ്റ് 12 ബുധനാഴ്ച** തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടത്തി. റവ. ഫാ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. ജോർജ് കരോട്ട്, റവ. ഫാ. ആന്റണി കിടാരത്തിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 212 അധ്യാപകർ ഈ സെമിനാറിൽ പങ്കെടുത്തു. വിജയകരമായി ക്ലാസ്സ് പൂർത്തിയാക്കിവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

**4. മാതാവിന്റെ സ്വർഗാരോപണ തിരുന്നാൾ - നന്ദി**

പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളിനോടും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് എല്ലാ സൺഡേ സ്കൂളുകളിലും ഗ്രൂപ്പ് പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ നേതൃത്വം നൽകിയ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും നന്ദി. വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾ അവതരിപ്പിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

**5. സോൾട്ട് 2026 - റിസോഴ്സ് ടീം മീറ്റിംഗ്**

ഓഗസ്റ്റ് 18 ബുധനാഴ്ച വൈകുന്നേരം സോൾട്ട് റിസോഴ്സ് ടീം മീറ്റിംഗ് ഓൺലൈനായി നടത്തപ്പെട്ടു. എല്ലാ ഫൊറോനാപ്രസിഡണ്ട്മാരും റിസോഴ്സ് ടീം അംഗങ്ങളും പങ്കെടുത്തു. സോൾട്ട് പ്രോഗ്രാമിന്റെ ഒരുക്കങ്ങൾ വിലയിരുത്തുകയും വിവിധ ക്ലാസ്സുകളുടെ വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

**6. സോൾട്ട് 2026**

2026-2027 പ്രവർത്തനവർഷത്തിലെ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **"സോൾട്ട്-2026"** ഓഗസ്റ്റ് 23, 30 തീയതികളിലായി ഫൊറോനാതലത്തിൽ നടത്തി. **"സോൾട്ട്-2026"** ന്റെ അതിരൂപതാതല ഉദ്ഘാടനം ഓഗസ്റ്റ് 23-ന് ചെമ്പേരി ബസലിക്കയിൽവച്ച് അതിരൂപത ചാൻസലർ വെരി. റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ നിർവ്വഹിച്ചു. ബസലിക്ക റെക്ടർ വെരി. റവ. ഫാ. തോമസ് തയ്യിൽ അധ്യക്ഷത വഹിച്ചു.

**ഓഗസ്റ്റ് 23 - ന് ക്ലാസ്സ് നടത്തിയ ഫൊറോനകളും ക്ലാസ്സ് നയിച്ചവരും**

**നെല്ലിക്കാംപൊയിൽ :** ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ, ശ്രീ. സജീവ് മറ്റത്തിനാനിയിൽ, മാങ്ങോട്, ബ്ര. നെവിൻ പൊടിമറ്റത്തിൽ (കുന്നോത്ത്), ബ്ര. ഷോജി കുഴിക്കണ്ണിൽ (കുന്നോത്ത്).

**ആലക്കോട് :** നെല്ലിപ്പാറ ഹോളിഫാമിലി പള്ളിയിൽ വച്ച് ക്ലാസ്സ് നടത്തി. ഫാ. നിധിൻ ചെറുനിലം, ശ്രീ. ലിന്റോ ഇടശ്ശേരിൽ, പുറവയൽ, ബ്ര. അലൻ കല്ലുവീട്ടിൽ (കുന്നോത്ത്), ബ്ര. ജിബിൻ പരവരാകത്ത് (കുന്നോത്ത്).

**ചെമ്പന്തൊട്ടി:** ഫാ. ജെറിൻ പന്തല്ലൂപറമ്പിൽ, ശ്രീ. ജോബിഷ് മുളങ്കോത്ര, പുറവയൽ, ബ്ര. ലൂക്ക് പാറേക്കാട്ടിൽ (കുന്നോത്ത്), ബ്ര. വിവേക് കൊച്ചു വീട്ടിൽ (കുന്നോത്ത്).

**മേരിഗിരി:** ഫാ. അമൽ തൈപ്പറമ്പിൽ, ശ്രീ. ടോമി കുന്നേൽപറമ്പിൽ, ആല ക്കോട്, ബ്ര. ആൽബിൻ ഇടാട്ടുകുന്നേൽ (കുന്നോത്ത്), ബ്ര. അഖിൽ കുഴുമ്പിൽ (കുന്നോത്ത്).

**പനത്തടി:** ഫാ. അജേഷ് തുരുത്തേൽ, ചാവറഗിരി, ശ്രീ. ആന്റണി തുരു ത്തിപ്പള്ളിൽ, മാലോം, ബ്ര. അജിത്ത് വള്ളിയാംതടത്തിൽ (കുന്നോത്ത്), ബ്ര. ടോണി അട്ടിച്ചിറ (കുന്നോത്ത്).

**കാഞ്ഞങ്ങാട് + കാസർഗോഡ്:** പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ ക്ലാസ്സ് നടത്തി. ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, പൊയ്നാച്ചി, ശ്രീ. ജോഷ്വ ലൂയിസ്, വെള്ളരിക്കുണ്ട്, ഫാ. ജോസഫ് അയിലൂക്കുന്നേൽ.

**ചെമ്പേരി :** ഫാ. തോമസ് ചിന്താർമണിയിൽ ലിസ്സിഗിരി, ശ്രീ. വിപിൻ മാറു കാട്ടുകുന്നേൽ, പേരാവൂർ, ബ്ര. ആൻസൺ ഇഞ്ചിക്കപ്പാലാട്ടി (കുന്നോത്ത്), ബ്ര. സെബിൻ അമ്പാട്ട് (കുന്നോത്ത്).

**ഓഗസ്റ്റ് 30 – ന് ക്ലാസ്സ് നടത്തിയ ഫൊറോനകൾ**

**എടൂർ:** ഫാ. ബോവിൻസ് പുളിയാനപ്പള്ളിൽ, എടൂർ, ശ്രീ. ലിന്റോ ഇടശ്ശേ രിൽ, പുറവയൽ, ബ്ര. ആൻസൺ കുമ്പക്കിയിൽ (കുന്നോത്ത്), ബ്ര. ധോണൽ കൊടുവേലിപറമ്പിൽ (കുന്നോത്ത്).

**കുന്നോത്ത്:** പേരട്ട സെന്റ് ആന്റണീസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് ക്ലാസ്സ് നടത്തി. ഫാ. ജോസ്ബിൻ ഈറ്റക്കൽ, പാലത്തിൻകടവ്, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ, പേരാവൂർ, ബ്ര. ജെറിൻ കൈപ്പാനിക്കൽ (കുന്നോത്ത്), ബ്ര. ബെൽബിൻ മൂലേത്തോട്ടത്തിൽ (കുന്നോത്ത്).

**മണിക്കടവ്:** ഫാ. മെൽബിൻ വടക്കേൽ, മണിക്കടവ്, ശ്രീ. ടോമി കുന്നേൽപ റമ്പിൽ, ആലക്കോട്, ബ്ര. ബിനോജ് കാഞ്ഞിരവിള (കുന്നോത്ത്), ബ്ര. പിറ്റ്വിൻ കളപ്പറമ്പത്ത് (കുന്നോത്ത്).

**തോമാപുരം:** ഫാ. പോൾ മുണ്ടക്കൽ, ചട്ടമല, ശ്രീ. ജിജോമോൻ കെ.സി. എണ്ണപ്പാറ, ഫാ. മാർട്ടിൻ പാഴൂപറമ്പിൽ.

**വായാട്ടുപറമ്പ്:** ഫാ. ജെറിൻ പന്തല്ലൂപറമ്പിൽ, കനകക്കുന്ന്, ശ്രീ. ജോബി മൂലയിൽ, കണ്ണിവയൽ, ബ്ര. അഖിൽ കുഴുമ്പിൽ (കുന്നോത്ത്), ബ്ര. ആൽബിൻ ഇടാട്ടുകുന്നേൽ (കുന്നോത്ത്).

**മാലോം:** ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, പൊയ്നാച്ചി, ശ്രീ. ജസ്റ്റിൻ ഉണ്ണിക്കുന്നേൽ, പനത്തടി, ബ്ര. റോഷൻ കപ്പലുമാക്കൽ (കുന്നോത്ത്).

**പൈസക്കരി:** ഫാ. ബോഡ്‌വിൻ അട്ടാറക്കൽ, ശ്രീ. സിബി പഴുവൻകാലായിൽ, വായാട്ടുപറമ്പ്, ബ്ര. ബെൻ കാരക്കാട്ട് (കുന്നോത്ത്), ബ്ര. മെബിൻ പനച്ചിക്കൽ (കുന്നോത്ത്), ബ്ര. ഫ്രെഡി മാരിയിൽ (കുന്നോത്ത്).

**7. ഓണപരീക്ഷ - സെപ്റ്റംബർ 06**

ഓണപരീക്ഷ സെപ്റ്റംബർ 06-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. ഉപപാഠപുസ്തകത്തിൽ നിന്നും ഓണപരീക്ഷക്ക് ചോദ്യങ്ങൾ ഉണ്ടാവില്ല. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 06-ാം തീയതി ഞായറാഴചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

**A. ജനറൽ ചോദ്യങ്ങൾ**

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** മതബോധനമണിക്കൂറിൽ നിന്നും വ്യത്യസ്ത ചോദ്യങ്ങൾ ഉണ്ടായിരിക്കും. മതബോധനമണിക്കൂറിൽ നിന്നുമുള്ള മോഡൽ ചോദ്യങ്ങളും നമസ്കാരങ്ങളും **ഓഗസ്റ്റ് 19-ന്** പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ കുട്ടികൾക്ക് മതബോധനമണിക്കൂർ ചോദ്യങ്ങളും നമസ്കാരങ്ങളും കൊടുത്ത് ഒരുക്കേണ്ടതാണ്.

**B. മാർക്ക് വിഭജനം:**

**എഴുത്തുപരീക്ഷ - 70, (പാഠപുസ്തകം - 60, നമസ്കാരം - 5 മതബോധന മണിക്കൂർ - 5,) ആഭ്യന്തര മൂല്യനിർണ്ണയം - 30**

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് IV - VII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

**8. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **"പാർശ്വവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവർ - കാരണങ്ങളും പ്രതിവിധികളും"** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**റഫറൻസ് ഗ്രന്ഥം: "ക്രൈസ്തവരും കേരള നവോത്ഥാനവും"**

**അധ്യായം 1:** പാർശ്വവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവർ

**അധ്യായം 2:** പ്രതിവിധികൾ

**9. സീറോ മലബാർ പ്രതിഭാ അവാർഡ്**

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഇടവകാതലം:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസ്സ് കുട്ടികൾക്കുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 21-ന് നടക്കുന്നതിനാൽ ഇടവകാ തല തെരഞ്ഞെടുപ്പ് എത്രയും പെട്ടെന്ന് നടത്തേണ്ടതാണ്. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ സെപ്റ്റംബർ 6-ന് മുമ്പായി ബഹു. ഫൊറോന പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **സെപ്റ്റംബർ 13-ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **സെപ്റ്റംബർ 21-ാം** തീയതി തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ്ഹാളിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 9.30-ന് രജിസ്ട്രേഷൻ ആരംഭിക്കും. വൈകുന്നേരം 3.30-ന് ക്യാമ്പ് അവസാനിക്കും. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 200/- രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

**10. മതബോധന മണിക്കൂർ**

മതബോധന മണിക്കൂറിന്റെ ഭാഗമായി ഈ വർഷം കുട്ടികൾ തിരുവചനങ്ങൾ കൊണ്ട് വചന ആൽബം നിർമ്മിക്കുന്നു. അതിനായി മതബോധന മണിക്കൂറിൽ പഠിക്കാനായി നൽകുന്ന 3 ദൈവവചനങ്ങൾ 3 നിറങ്ങളിൽ നോട്ട്ബുക്കിന്റെ ഒരു പേജിൽ എഴുതുകയോ, വ്യത്യസ്ത നിറത്തിലുള്ള പേപ്പറുകളിൽ എഴുതി നോട്ട്ബുക്കിൽ ഒട്ടിക്കുകയോ ചെയ്യേണ്ടതാണ്. മതബോധന മണിക്കൂറിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ പേജിന്റെ അവസാനഭാഗത്ത് എഴുതുക. പേജിന്റെ ഏറ്റവും താഴെ മാതാപിതാക്കളിലൊരാൾ തീയതി എഴുതി ഒപ്പിട്ടു നൽകുക. ഈ വചന ആൽബം ഞായറാഴ്ചകളിൽ വേദപാഠ ക്ലാസ്സിൽ കൊണ്ടുവന്ന് അധ്യാപകരെ കാണിച്ച് മാർക്ക് എഴുതി ഒപ്പിട്ടു നൽകേണ്ടതാണ്. പടിപടിയായി നിർമ്മിക്കുന്ന ഈ വചന ആൽബത്തെ ആസ്പദമാക്കിയായിരിക്കും വാർഷികപരീക്ഷയ്ക്ക് മതബോധനമണിക്കൂർ മാർക്ക് നൽകുന്നത്. ഓണപരീക്ഷക്കും, ക്രിസ്തുമസ് പരീക്ഷക്കും 10 മാർക്ക് മതബോധന മണിക്കൂറിൽ നിന്നും ആയിരിക്കും. ഏറ്റവും മനോഹരമായി ഫാമിലി വചന ആൽബം നിർമ്മിക്കുന്ന കുടുംബത്തിന് വർഷാവസാനം ഇടവകാതലത്തിൽ സമ്മാനം ഉണ്ടായിരിക്കും. ഈ ആൽബനിർമ്മാണത്തിൽ മാതാപിതാക്കൾക്കും കുട്ടികളെ സഹായിക്കാം. ഉപയോഗ യോഗ്യമായ ഒരു നോട്ട്ബുക്ക് (പഴയതോ പുതിയതോ) ആൽബ നിർമ്മാണത്തിന് ഉപയോഗിക്കാം.

**11. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**12. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**13. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ എടൂർ, ഉളിക്കൽ, തളിപ്പറമ്പ്, നെല്ലിക്കാംപൊയിൽ, നെല്ലിപ്പാറ, ചെമ്പന്തൊട്ടി, മേരിഗിരി, ചെമ്പേരി, പേരട്ട, മണിക്കടവ്, പേരാവൂർ, വായാട്ടുപറമ്പ്, പൈസക്കരി എന്നീ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**അധ്യയന വർഷാരംഭം**

2026-27 അധ്യയനവർഷത്തിന്റെ ഉദ്ഘാടനം ഓഗസ്റ്റ് മാസം 1-ാം തീയതി ശനിയാഴ്ച രാത്രി 9 മണിക്ക് Zoom meeting ലൂടെ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. അനീഷ് കൊട്ടുകാപ്പള്ളി സ്വാഗതവും, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോസഫ് കാക്കരമറ്റത്തിലും, ബിരുദ വിദ്യാർത്ഥി പ്രതിനിധി ഡോ. ട്രീസാ പോളും ആശംസകളും, സി. റോസ്‌ലറ്റ് വള്ളിപ്പറമ്പിൽ എസ്.എ.ബി.എസ് നന്ദിയും അർപ്പിച്ചു സംസാരിച്ചു. ക്ലാസ്സുകൾ ഓഗസ്റ്റ് മാസം 4-ാം തീയതി ആരംഭിച്ചു.

**ബിരുദദാന ചടങ്ങ് ഒക്ടോബർ 31 ശനിയാഴ്ച**

ഈ വർഷം ഡിപ്ലോമ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 31 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ലോഗോസ് ബൈബിൾ ക്വിസ് - 2026**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 26-ാമത് ലോഗോസ് ബൈബിൾ ക്വിസിനുള്ള രജിസ്ട്രേഷൻ ജൂലൈ 31 ന് പൂർത്തിയായി. ലോഗോസ് ബൈബിൾ ക്വിസ് 2026 ന്റെ പഠനഭാഗങ്ങളും തീയതിയും ഒരിക്കൽ കൂടി ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| റൂത്ത് 1-4 | സഭാപ്രസംഗകൻ 1 -6 |
| 1 സാമുവൽ 1-7 | വി. യോഹന്നാൻ 1-12 |
| ഗലാത്തിയ 1-6 | |

**പരീക്ഷാ തീയതികൾ**

| | |
|---|---|
| രൂപതാതലം | : 2026 സെപ്റ്റംബർ 27, 2.00-3.30 pm |
| സംസ്ഥാനതലം | : 2026 നവംബർ 08 |
| മെഗാ ഫൈനൽ | : 2026 നവംബർ 21-22 |

**ഓൺലൈൻ ക്ലാസ്സുകൾ**

ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഡിപ്ലോമ ഇൻ ക്രിസ്ത്യൻ സ്റ്റഡീസിന്റെ ഒരു വർഷത്തെ ഓൺലൈൻ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ : **+91 8086312826,** ഇമെയിൽ : **alphits@gmail.com,**

വെബ്സൈറ്റ് : **alphathalassery.com**

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*
*& ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. ജോൺസൺ പുലിയുറുമ്പിൽ**
*അസി. ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ലോകം മുഴുവനും വേണ്ടി നൊമ്പരങ്ങളേറ്റെടുത്ത സഹരക്ഷകയായ പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിന്റെയും, സുവിശേഷത്തെ സ്പന്ദിക്കുന്ന ജീവിതമാക്കിക്കൊണ്ട് സമർപ്പിത ജീവിതത്തിന്റെ വഴിത്താരയിലൂടെ വെളിച്ചമായി കടന്ന് നീങ്ങിയ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | മാതാവിന്റെ പിറവിതിരുനാൾ<br>കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. മദർതെരേസ, വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർഥനാനിയോഗം | : | മിഷൻലീഗ് സ്ഥാപകർക്കുവേണ്ടി |
| സുകൃതംജപം : ഈശോയുടെ അമ്മേ, എന്റെ സ്വന്തമാകണമേ. | | |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 01 ശനി | : | പതിനഞ്ചു നോമ്പാരംഭം |
| 1 ചൊവ്വ | : | എട്ട് നോമ്പ് ആരംഭം, നിയോഗം : മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി |
| 5 ശനി | : | മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം |
| 8 ചൊവ്വ | : | മാതാവിന്റെ ജനനതിരുനാൾ |
| 9 ബുധൻ | : | ഫാ. ജോസഫ് മാലിപ്പറമ്പിൽ 27-ാം ചരമ വാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, ഡയറക്ടേഴ്സ് ദിനം |
| 14 തിങ്കൾ | : | കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |

16 ബുധൻ : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.

21 തിങ്കൾ : സംസ്ഥാന സാഹിത്യമത്സരം

29 ചൊവ്വ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: ഫാ. ജോസഫ് മാലിപ്പറമ്പിൽ 28-ാം ചരമ വാർഷികം, ഡയറക്ടേഴ്സ് ദിനം, എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു, സംസ്ഥാന സാഹിത്യ മത്സരം, മേഖലാ കലോത്സവം, അധ്യാപക ദിനം, സംസ്ഥാന സാഹിത്യ മത്സരം

**3. അധ്യാപകദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ സെപ്റ്റംബർ 3-ാം തീയതി എടൂർ വികാസ് ഭവനിൽ (സ്പെഷ്യൽ സ്കൂൾ) വച്ച് അധ്യാപകദിനം നടത്തുന്നതായിരിക്കും.

**4. കാരുണ്യ ദിനം:** സെപ്റ്റംബർ 5-ാം തീയതി വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ എടൂർ വികാസ് ഭവനിൽ (സ്പെഷ്യൽ സ്കൂൾ) വച്ച് അന്നേദിനം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

**5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും**

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും ഒക്ടോബർ 4 ന് കനകപ്പള്ളി ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**6. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും; ഡയറക്ടേഴ്സ് ദിനവും**

സെപ്റ്റംബർ 9-ാം തീയതി ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 28-ാം ചരമവാർഷികാനുസ്മരണവും ഡയറക്ടേഴ്സ് ദിനവും ആചരിക്കുകയാണല്ലോ, അന്നേദിവസമോ 13-ാം തീയതി ഞായറാഴ്ച്ചയോ ശാഖകളിൽ അനുസ്മരണം നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മ

രണവും, ഡയറക്ടേഴ്സ് ദിനാചരണവും കണ്ണൂർ ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### 7. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2025-2026 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി എല്ലാ മേഖലയിലും സെപ്റ്റംബർ ആദ്യം എത്തിക്കുന്നതാണ്. എം റ്റി സി പഠനസഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും ക്യാമ്പും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ. എം റ്റി സി യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

### 8. മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 15 ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം. (ഇടവകയുടെ സ്വന്തം സ്ഥലത്ത് കൃഷി ചെയ്യണം).
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇമെയിൽ/വാട്സ്ആപ്പ് cmltly01@gmail.com (8281255847) ചെയ്യേണ്ടതാണ്. ഫോട്ടോകൾ അയക്കാത്ത പച്ചക്കറിത്തോട്ടം മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- മിഷൻ പച്ചക്കറിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള വരവുചിലവു കണക്കുകൾ കൃത്യമായി നാൾ വഴി ബുക്കിൽ അതാത് സമയത്ത് രേഖപ്പെടുത്തി വയ്ക്കണം.
- ഡിസംബർ 10-ന് മുൻമ്പ് മേഖലകൾ സന്ദർശനം പൂർത്തിയാക്കി മികച്ച 2 എണ്ണം രൂപതയ്ക്ക് നൽകുക.
- രണ്ടാം ഘട്ട സന്ദർശനം രൂപത റീജിയണൽ ഓർഗനൈസർമാരുടെ നേതൃത്വത്തിൽ മേഖല തന്നിരിക്കുന്ന ശാഖകൾ സന്ദർശിച്ച് റിപ്പോർട്ട് രൂപതയിൽ ഡിസംബർ 20 ന് മുമ്പായി എത്തിക്കുക.
- മുന്നറിയിപ്പ് ഇല്ലാതെ മത്സര കാലയളവിൽ ഒന്നിലധികം പ്രാവശ്യം മേഖല അതിരൂപത സമിതി സന്ദർശനം നടത്തുന്നതായിരിക്കും.
- മികച്ച ശാഖകൾ സന്ദർശിച്ച് വിലയിരുത്താൻ അതിരൂപതാ ടീം മൂന്നാം ഘട്ട സന്ദർശനം നടത്തുന്നതാണ്.

- 1, 2, 3, സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 59 കാണുക.

**9. ആൽബം നിർമ്മാണം**

**സഭയെ സ്നേഹിക്കാം... ലോകത്തിൽ സാക്ഷികളാകാം...** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ഇവയ്ക്ക് ബോർഡറുകൾ വരയ്ക്കാവുന്നതാണ്. ആൽബം **80** പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ.മി) ആൽബത്തിൽ ആശംസകൾ, ഉള്ളടക്കം, തലക്കെട്ടുകൾ എന്നിവ ഒഴികെ മറ്റൊരു എഴുത്തുകളും പാടില്ല. ആൽബ നിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ മാർഗ്ഗരേഖ പേജ് 60 കാണുക. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

**10. ക്ലിക്ക് ഷോട്ട് – നിബന്ധനകൾ**

- 5–ാം ക്ലാസ്സു മുതൽ 12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. സാങ്കേതിക കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- **''സഭയെ സ്നേഹിക്കാം... ലോകത്തിൽ സാക്ഷികളാകാം...'** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 6 മിനുട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. ആറ് മിനുട്ടിനുള്ളിൽ ടൈറ്റിൽസ്, സ്റ്റോറി മുതലായവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം – 3000 രൂപയും, രണ്ടാം സ്ഥാനം – 2500 രൂപയും, മൂന്നാം സ്ഥാനം – 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 57 കാണുക.

**11. മോണോആക്ട് മത്സരം - നിബന്ധനകൾ**

- 5-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- അതിരൂപതയിലേക്ക് ഒരു മേഖലയിൽ നിന്നും 2 എൻട്രികളാണ് അയക്കേണ്ടത്. (ഒരു ആൺകുട്ടി, ഒരു പെൺകുട്ടി)
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- ബൈബിൾ അധിഷ്ഠിതം: പൂർണ്ണമായും ബൈബിൾ കഥകൾ ആയിരിക്കണം. ആമുഖത്തിൽ ബൈബിൾ റഫറൻസ് സൂചിപ്പിക്കണം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ലാൻഡ്സ്കേപ്പ് മോഡിൽ വീഡിയോ എടുക്കണം.
- അവതരണ സമയം 4 മിനിറ്റ് ആയിരിക്കും.
- ഭാവാഭിനയം, അക്ഷരസ്പുടത, ആശയവിനിമയ പൊരുത്തം, കഥാപാത്ര വൈവിധ്യവൽക്കരണം ഇവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും മാർക്ക് നിശ്ചയിക്കുന്നത്.
- എഡിറ്റിംഗ് വീഡിയോ പരിഗണിക്കുന്നതല്ല.
- ഒന്നാം സ്ഥാനം - 1500 രൂപയും, രണ്ടാം സ്ഥാനം - 1000 രൂപയും, മൂന്നാം സ്ഥാനം - 750 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 58 കാണുക.

**12. റീൽസ് മത്സരം - നിബന്ധനകൾ**

- നസ്രാണി രുചി കൂട്ട് (റീൽസ്)
- 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം.
- സാമുദായിക ശാക്തീകരണ വർഷത്തിൽ ക്രിസ്തീയ പാരമ്പര്യം അനുസരിച്ചുള്ള ഭക്ഷണസാധനങ്ങൾ പാകം ചെയ്യുന്നതിന്റെ വീഡിയോ. (ഉദാ: പിടിയും കോഴിയും, കപ്പ ബിരിയാണി, അവലോസുണ്ട ... )
- വീഡിയോയ്ക്ക് രണ്ട് മിനിറ്റ് ദൈർഘ്യം.
- മിനിമം 3 പേരെങ്കിലും മത്സരത്തിൽ പങ്കെടുക്കണം.
- വീഡിയോ പോർട്രേറ്റ് മോഡ് ആയിരിക്കണം.
- ഒരു മേഖലയിൽ നിന്നും 2 എൻട്രികൾ.
- ഒന്നാം സ്ഥാനം - 1500 രൂപയും, രണ്ടാം സ്ഥാനം - 1000 രൂപയും, മൂന്നാം സ്ഥാനം - 750 രൂപയും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 58 കാണുക.

**13. പ്രബന്ധരചന മത്സരം - നിബന്ധനകൾ**

- **വിഷയം : "സഭയെ സ്നേഹിക്കാം... ലോകത്തിൽ സാക്ഷികളാകാം.**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ
- ശാഖാ ഡയറക്ടറച്ചന്റെ കത്തും അംഗത്വ കാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ശാഖയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 30.
- 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളത്.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 57 കാണുക.

**14. സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും**

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി ചെമ്പേരി എഞ്ചിനിയറിംഗ് കോളേജിൽ നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 20-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**15. അതിരൂപതാ കൗൺസിൽ വാർഷികം**

മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികം ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച മേരിഗിരിയിൽ വച്ച് നടത്തുന്നു. 2025-2026 പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ കരസ്ഥമാക്കിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ദാനവും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. വാർഷിക വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർഥിക്കുമല്ലോ. ഈ ആഘോഷപരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺ വിളിച്ചും അറിയിക്കുന്നതായിരിക്കും.

**16. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം 13 ഞായർ തോമാപുരം,20 ഞായർ ചെറുപുഴ, 27 ഞായർ മേരിഗിരി എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**17. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ വർഷവും മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ് എന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

**18. ലോഗോ നിർമ്മാണ മത്സര വിജയികൾ (ഡിജിറ്റൽ ലോഗോ)**

I st ജോസഫ് ജോ വട്ടംതൊട്ടിയിൽ - കച്ചേരിക്കടവ്
II nd ജോസഫ് അമ്പാട്ടേൽ - നടുവിൽ
III rd ലയന ലിസ്ബത്ത് സാബു പൂവ്വത്തുങ്കൽതാഴത്തേൽ - കൊളക്കാട്

**പൂർണ്ണമായും കൈകൊണ്ട് വരച്ച ലോഗോ**

I st ആഗ്നസ് മാത്യു അറക്കൽ - കരുവൻചാൽ
II nd അൽദിൻ കിഴക്കയിൽ - ഏറ്റുപാറ
III rd തെരേസ് അയ്യങ്കാനാൽ - ചെമ്പേരി

**19. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

2025-2026 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച നെല്ലിക്കാംപൊയിൽ, മണിക്കടവ്,ആലക്കോട്, തളിപ്പറമ്പ് എന്നീ മേഖലകളും കരുവഞ്ചാൽ, പേരാവൂർ, വെമ്പുവ പൈസക്കിരി, കനകപ്പള്ളി,വെള്ളരിക്കുണ്ട്, മണിക്കടവ്, പടിയൂർ, കച്ചേരിക്കടവ്, കണ്ണൂർ, ചെറുപാറ എന്നീ ശാഖകളും **ഗോൾഡൻസ്റ്റാർ** പുരസ്ക്കാരവും, കുന്നോത്ത്, എടൂർ എന്നീ മേഖലകളും നെല്ലിക്കാംപൊയിൽ, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, മേരിഗിരി, മണിപ്പാറ, ജയഗിരി, കാവുന്തല, ചേപ്പറമ്പ്, ചരൾ എന്നീ ശാഖക്കും **സിൽവർസ്റ്റാർ** പുരസ്കാരവും, വെള്ളരിക്കുണ്ട് മേഖലയും കരയത്തുംചാൽ, പുറവയൽ ,കാർത്തികപുരം, കിളിയന്തറ എന്നീ ശാഖകളും **മിഷൻ സ്റ്റാർ** പുരസ്ക്കാരവും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : പരി. അമ്മയുടെ ജനനതിരുനാൾ

അനുസ്മരിക്കുന്ന വിശുദ്ധർ : വി. വിൻസെന്റ് ഡി പോൾ<br>വി. മദർതെരേസ

പ്രാർത്ഥനാനിയോഗം : എല്ലാ അധ്യാപകർക്കും വേണ്ടി

സുകൃതജപം : കാവൽമാലാഖയേ എനിക്ക് കൂട്ടായിരിക്കേണമേ.

വചനം : ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു (വി. ലൂക്കാ 1 : 49).

*പ്രവൃത്തി* : അനാഥമന്ദിരങ്ങൾ സന്ദർശിക്കുക.

മനഃപാഠമാക്കുക : വി. മദർതെരേസക്കുറിച്ച് അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കുക.

എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതാതല മത്സരം : മദർതെരേസ<br>ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്ക് മാത്രം)<br>മരിയൻ ഭക്തിഗാന മത്സരം (ആൺകുട്ടികൾക്ക് മാത്രം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാലസഖ്യം സംഘടനയ്ക്കുവേണ്ടി

5 ശനി : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 ചൊവ്വ : മാതാവിന്റെ ജനനതിരുനാൾ

14 തിങ്കൾ : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

16 ബുധൻ : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.

29 ചൊവ്വ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാരുടെ തിരുനാൾ

**2. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം 13 ഞായർ തോമാപുരം, 20 ഞായർ ചെറുപുഴ, 27 ഞായർ മേരിഗിരി എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ പഠിപ്പിക്കാം എന്ന രണ്ടാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ തന്റെ കൂടെയുണ്ടായിരുന്നവരെ ഒത്തിരി കാര്യങ്ങൾ പഠിപ്പിച്ചു. ഈശോയെ പോലെ അറിയാവുന്ന കാര്യങ്ങൾ അറിവില്ലാത്തവർക്ക് പങ്കുവയ്ക്കാം. നല്ലത് ചെയ്യാനുള്ള വിവേകം സ്വന്തമാക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ പഠിപ്പിക്കാം എന്ന രണ്ടാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ പഠിപ്പിക്കാം എന്ന രണ്ടാം അധ്യായത്തിലെ നിങ്ങൾക്കറിയാമോ?എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിറംകൊടുക്കാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I മിഖായേൽ പുതുപ്പറമ്പിൽ - കനകപ്പള്ളി

II ഇവ മരിയ പുളിക്കൽ - ചീക്കാട്

III അബിഗേൽ ഡേവിഡ് കണ്ണമ്പുഴ

**7. വഴികാട്ടാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

| | | | |
|---|---|---|---|
| I | ഇവാനിയ റോസ് | - | ചരൾ |
| II | സ്കറിയ തുടിയംപ്ലാക്കൽ | - | ബളാൽ |
| III | ജുവാന റോയി | - | മുണ്ടാനൂർ |

**8. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം**

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളു. holychildhoodtly01@gmail.com എന്ന e-mail അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 20. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**9. മരിയൻ ഭക്തിഗാന മത്സരം**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി മരിയൻ ഭക്തിഗാനമത്സരം സംഘടിപ്പിക്കുന്നു. കരോക്കെ ഉപയോഗിക്കാൻ പാടില്ല. ഒരുപാട്ടിന്റെ പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കണം. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻഅവസരം ഉണ്ടായിരിക്കുകയുള്ളൂ. പാടുന്നതിന്റെ വീഡിയോ holychildhoodtly01@gmail.com എന്ന e-mail അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 20. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

"അങ്ങ് എനിക്കു രക്ഷയുടെ പരിച നൽകി; അവിടുത്തെ വലത്തുകൈ എന്നെ താങ്ങിനിറുത്തി; അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി."
(സങ്കീർത്തനങ്ങൾ18:35).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

സെപ്റ്റംബർ 01 - എട്ട്നോമ്പ് ആരംഭം

സെപ്റ്റംബർ 01 - മദർ തെരേസയുടെ തിരുനാൾ
കാരുണ്യ ദിനം, അധ്യാപക ദിനം

സെപ്റ്റംബർ 08 - മാതാവിന്റെ ജനനതിരുനാൾ, യുണിറ്റ്/മേഖല തലത്തിൽ ജപമാല റാലി നടത്തുക

**വിഷൻ 19**

**ഇരിട്ടി** - സമുദായ ശാക്തീകരണ വർഷത്തിന്റെ ഭാഗമായി കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ വിഷൻ 19 - യൂണിറ്റ് യുവജന നേതാക്കളുടെ ശില്പശാല നടത്തി. അതിരൂപതാതല ഉദ്ഘാടനം ഇരിട്ടി സെന്റ് ജോസഫ് ഇടവക വികാരി ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. അഖിൽ മാത്യു മുക്കുഴി, നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് അജയ് മുണ്ടയ്ക്കാമറ്റത്തിൽ, ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പന്തലാനിക്കൽ എന്നിവർ സംസാരിച്ചു.

**മണിക്കടവ്** - മണിക്കടവ് ഫൊറോനതല ശില്പശാല മണിപ്പാറ പാരിഷ് ഹാളിൽ വച്ച് നടന്നു. മണിക്കടവ് ഫൊറോന വികാരി ഫാ. പയസ് പടിഞ്ഞാറെമുറിയിൽ ശില്പശാല ഉദ്ഘാടനം ചെയ്തു. മണിക്കടവ് ഫൊറോന പ്രസിഡന്റ് പ്രതീഷ് മുളന്താനത്ത് അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. സേവ്യർ പുത്തൻപുരയിൽ ആമുഖ പ്രഭാഷണം നടത്തി.

**പ്രതിഷേധം**

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്കെതിരെയും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനും ഐക്യദാർഢ്യം അർപ്പിച്ച് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ തളിപ്പറമ്പിൽ പ്രതിഷേധ സംഗമവും റാലിയും സംഘടിപ്പിച്ചു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര, ഡയറക്ടർ ഫാ. അഖിൽ മാത്യു മുക്കുഴി, ജനറൽ സെക്രട്ടറി ജിസ്മോൻ കുരീക്കാട്ടിൽ, ട്രഷറർ വിപിൻ പീടിയേക്കൽ, വൈസ് പ്രസിഡന്റ് ശ്രേയ ശ്രുതിനിലയം എന്നിവർ നേതൃത്വം നൽകി.

**48-ാമത് സംസ്ഥാന അർദ്ധ വാർഷിക സെനറ്റ് സമ്മേളനം**

പാലായിൽ വച്ച് നടന്ന സംസ്ഥാന അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ജിസ്മോൻ കുരീക്കാട്ടിൽ അവതരിപ്പിച്ചു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര, ഡയറക്ടർ ഫാ. അഖിൽ മാത്യു മുക്കുഴി, വൈസ് ഡയറക്ടർ സി. ജോസ്ന റോസ് എസ് എച്ച്, ട്രഷറർ വിപിൻ പീടിയേക്കൽ, വൈസ് പ്രസിഡന്റ് ശ്രേയ ശ്രുതിനിലയം എന്നിവർ പങ്കെടുത്തു.

**യുവജന മുഖപത്രം ചിറക് ലക്കം 02 പ്രകാശനം**

അതിരൂപത കുടുംബത്തിന്റെ ഫെബ്രുവരി മുതൽ ജൂലൈ മാസം വരെയുള്ള പ്രവർത്തനങ്ങൾ അടങ്ങിയ യുവജന മുഖപത്രം ചിറക് ലക്കം 02 കേരള ജലവിഭവ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. അഡ്വ. മോൻസ് ജോസഫ് പ്രകാശിപ്പിച്ചു.

**കർഷക ദിനം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതാതല കർഷക ദിനാഘോഷം സംഘടിപ്പിച്ചു. കാർഷികരംഗത്ത് പുതുതലമുറയ്ക്ക് പ്രചോദനമാകുന്ന പ്രവർത്തനങ്ങൾ നടത്തുന്ന മാവുംചാൽ സ്വദേശി ജയിംസ് മൈക്കിൾ മ്ലാക്കുഴിയുടെ പൂവത്തെ ഫാമിൽ വച്ച് ആദരിച്ചു.

**വിവാഹമംഗളാശംസകൾ**

വിവാഹജീവിതത്തിന്റെ പുതുവഴികളിലേക്ക് പ്രവേശിച്ച കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗമായ അപർണ്ണ സോണിക്കും വരൻ ക്രിസ്റ്റിക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ വിവാഹമംഗളാശംസകൾ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്സ്റ്റോലേറ്റ്

പ്രിയപ്പെട്ടവരെ,

പരിശുദ്ധ അമ്മയുടെ പിറവി തിരുനാളിനൊരുക്കമായിട്ടുള്ള എട്ടു നോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ഓരോ കുടുംബവും ഈ 8 ദിനങ്ങളിലും അമ്മയ്ക്ക് സന്തോഷം നൽകുന്ന കാര്യങ്ങൾ നിർവ ഹിച്ച് അത് പിറന്നാൾ സമ്മാനമായി സമർപ്പിക്കാൻ ശ്രദ്ധിക്കണേ. വിശുദ്ധ മത്തായിയുടെ തിരുനാൾ, കുരിശിന്റെ പുകഴ്ചയുടെ തിരു നാൾ, വി. വിൻസെന്റ് ഡി. പോളിന്റെ തിരുനാൾ, മുഖ്യദൂതൻമാരുടെ തിരുനാൾ എന്നിവ കുടുംബങ്ങളിൽ സമുചിതമായി ആചരിക്കുമല്ലോ. വി. മദർ തെരേസയുടെ തിരുനാളായ സെപ്റ്റംബർ 5 ന് കുടുംബാംഗ ങ്ങൾ ഒരുമിച്ച് അടുത്തുള്ള ഒരു അഗതിമന്ദിരം സന്ദർശിക്കാനും കഴി യുന്ന സഹായം ചെയ്യാനും മനസ്സു കാണിച്ചാൽ അത് വലിയ നൻമ യായി ഭവിക്കും എന്നതുറപ്പാണ്.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യുട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കു മല്ലോ.

**1. ഇടവക എക്സിക്യൂട്ടീവ്:** വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരീഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മ കളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ് :** ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ് :** സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മധ്യസ്ഥൻ/മധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ–ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഗൂഗിൾ ഫോം പൂരിപ്പിച്ച് അതാതുമാസം അതിരൂപതാ ഓഫിസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ആഗസ്റ്റ് 13,14,15 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 125 പേർ സംബന്ധിച്ചു. മാതാപിതാക്കൾക്കുള്ള ക്ലാസ്സുകൾ നൽകി. അതിൽ 74 പേർ പങ്കെടുത്തു. കോഴ്സിൽ പങ്കെടുത്ത 82 പേർക്ക് കൗൺസിലിംഗ് നൽകി.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **അവസാനദിവസം കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. അവരെ പറഞ്ഞയയ്ക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.**

• ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### b) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് ആലക്കോട്, വെള്ളരിക്കുണ്ട് മേഖലകളിൽ ജൂലൈ 25, ആഗസ്റ്റ് 1 തീയതി കളിലായി ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. ആലക്കോട് മേഖലയുടേത് ചീക്കാട് ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ വച്ചും, വെള്ളരിക്കുണ്ട് മേഖ ലയുടേത് അട്ടേങ്ങാനം സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ചും നടത്തി. പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ആലക്കോട് ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി പുന്നൂർ, വെള്ളരിക്കുണ്ട് ഫൊറോന വികാരി വെരി. റവ. ഡോ. ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപത ആനിമേറ്റർ, അതിരൂപത ഭാരവാഹികൾ, മേഖല ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹി കൾ എന്നിവർ നേതൃത്വം നൽകി. 'അമ്മമാർ കൂട്ടായ്മയുടെ സംരക്ഷകർ' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത ഡയറക്ടർ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധങ്ങളായ കലാപരിപാടികളും ജ്വാല പ്രോഗ്രാ മിന് മിഴിവേകി. യൂണിറ്റ് മേഖല ഭാരവാഹികളുടെ സജീവ സാന്നിധ്യം പ്രോഗ്രാമിനെ വിജയത്തിൽ എത്തിച്ചു.

### c) മേഖല വാർഷികം

കാർമ്മൽ ഡേയോടനുബന്ധിച്ച് 21-07-2026 ന് കടുമേനി ഇടവകയിൽ വച്ച് തോമാപുരം മേഖല വാർഷികാഘോഷവും 08-08-2026 ന് സെന്റ് തോമസ് അടോട്ടുകയ പള്ളിയിൽ വച്ച് പനത്തടി മേരികിൻ മാതൃവേദിയുടെ

വാർഷികാഘോഷവും നടത്തപ്പെട്ടു. മേഖലയിലെ ഇടവകകളിൽ നിന്നും അമ്മമാരുടെ നിറസാന്നിധ്യം ഉണ്ടായിരുന്നു. അതിരൂപത ഡയറക്ടർ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. മേഖല പ്രസിഡന്റ് പതാക ഉയർത്തി. തുടർന്ന് പൊതുസമ്മേളനത്തിൽ എല്ലാ യൂണിറ്റുകളുടെയും കലാപരിപാടി കൾ വാർഷികാഘോഷത്തിന് മികവേകി.

**d) മാതൃസംഗമം**

ജൂലൈ 26 ന് പനത്തടി മേഖലയിലെ പടുപ്പ് ഇടവകയിൽ അതിരൂ പതാ ഡയറക്ടർ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും മാതാപിതാ ക്കൾക്ക് ക്ലാസ് നൽകുകയും ചെയ്തു. പേരാവൂർ മേഖലയിലെ നെടുംപു റംചാൽ ഇടവകയിലെ അമ്മമാർക്കായി ആഗസ്റ്റ് 2–ാം തീയതി മാതൃസം ഗമം നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകി.100 ഓളം അമ്മമാർ ഈ സംഗമത്തിൽ പങ്കെടുത്തു.

**e) വി. ജോൺ മരിയ വിയാനി തിരുനാൾ**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ വികാരി യച്ചൻമാരെയും ആദരിക്കുകയും ആശംസകൾ നേരുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**f) സമ്പൂർണ മാതൃവേദി പ്രഖ്യാപനം - കല്ലപ്പള്ളി, ചൂരപ്പടവ്**

തലശ്ശേരി അതിരൂപതയിലെ പനത്തടി ഫൊറോനയിലെ കല്ലപ്പള്ളി യൂണിറ്റിനെയും, ചെറുപുഴ ഫൊറോനയിലെ ചൂരപ്പടവ് യൂണിറ്റിനെയും അതി രൂപത ഡയറക്ടർ സമ്പൂർണ മാതൃവേദിയായി പ്രഖ്യാപിച്ചു. 26 കുടുംബ ങ്ങൾ ഉള്ള കല്ലപ്പള്ളി യൂണിറ്റിൽ 24 അമ്മമാരും 78 കുടുംബങ്ങൾ ഉള്ള ചൂരപ്പടവ് യൂണിറ്റിൽ 94 അമ്മമാരും അംഗത്വം സ്വീകരിച്ച് സജീവമായി പ്രവർത്തിക്കുന്നു. അതിരൂപത ഡയറക്ടർ യൂണിറ്റ് അംഗങ്ങളെ കണ്ട് സംസാരിക്കുകയും വി. ബലിയർപ്പിച്ച് പ്രാർഥിക്കുകയും ചെയ്തു.

**g) അതിരൂപത നവോമി സംഗമം**

മരിയൻസ് മാതൃവേദി മേരിഗിരി മേഖലയുടെ ആഭിമുഖ്യത്തിൽ നവോമി സംഗമം പെരുമ്പടവ് സെന്റ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ചു. അതിരൂ പത ഡയറക്ടർ ഉദ്ഘാടനം ചെയ്ത് ക്ലാസ് നയിച്ചു.

**h) ഓൺലെൻ മാതൃവേദി ആന്തം മത്സരം**

അതിരൂപതാ തലത്തിൽ മാതൃവേദിയുടെ പരിഷ്കരിച്ച ആന്തത്തിന്റെ ഓൺലൈൻ ആലാപനമത്സരത്തിൽ 19 മേഖലകളിൽ നിന്നും സമ്മാനർഹ രായ ടീമുകൾ:

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | എടൂർ, 1501 രൂപ |
| രണ്ടാം സ്ഥാനം | - | മേരിഗിരി, 1001 രൂപ |
| മൂന്നാം സ്ഥാനം | - | തളിപ്പറമ്പ്, 501 രൂപ |
| നാലാം സ്ഥാനം | - | ചെറുപുഴ, 251 രൂപ |
| അഞ്ചാം സ്ഥാനം | - | മാലോം, 101 രൂപ |

പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**i) ഗ്രാന്റ് പേരന്റ്സിന് ആദരം നൽകുന്ന വീഡിയോ നിർമാണ മത്സരം**

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തിൽ ജൂലൈ 26 ന് കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ഗ്രാന്റ് പേരന്റ്സിന് ആദരം നൽകുന്ന 3 മിനിറ്റിൽ കവിയാത്ത വീഡിയോ നിർമാണ മത്സരം സംഘടിപ്പിച്ചു. 50 തിലേറെ യൂണിറ്റുകളിൽ നിന്നും മത്സരത്തിൽ പങ്കെടുത്തു.

**സമ്മാനർഹരായവർ**

| | |
|---|---|
| ഒന്നാം സ്ഥാനം - | പെരുകിലാമലയിൽ കുടുംബം<br>ചുണ്ടപ്പറമ്പ് യൂണിറ്റ് - പൈസക്കരി മേഖല |
| രണ്ടാം സ്ഥാനം - | തുരുത്തേൽ കുടുംബം<br>കരിക്കോട്ടക്കരി യൂണിറ്റ് - എടൂർ മേഖല |
| മൂന്നാം സ്ഥാനം - | ചിന്താർമണിയിൽ കുടുംബം<br>പാടിയോട്ടുചാൽ യൂണിറ്റ് - ചെറുപുഴ മേഖല |

വിജയികൾക്കും, പങ്കെടുത്തവർക്കും പ്രോത്സാഹനം നൽകിയവർക്കും അഭിനന്ദനങ്ങൾ.

**2026 സെപ്റ്റംബർ മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

1 - എട്ട് നോമ്പ് ആരംഭം. എട്ട് നോമ്പെടുത്ത് ഈ ദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുക.

4 - ജ്വാല @ കാസർഗോഡ്.

5 - അധ്യാപകദിനം - അധ്യാപകരെ ആദരിക്കുക. (സ്കൂളുകൾ സന്ദർശിച്ചും വിശ്രമിക്കുന്നവരെ വീടുകളിൽ പോയും ആദരിക്കുക.).

- വി. മദർതെരേസയുടെ തിരുനാൾ - അഗതിമന്ദിരത്തിൽ പോയി ശുശ്രൂഷ ചെയ്യുക.

8 - പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ - ജപമാല ചൊല്ലി പ്രാർഥിച്ച് വി. ബലിയർപ്പണത്തിൽ പങ്കുചേരുക. അന്നേദിവസം പള്ളിയിൽ വരുന്നവർക്ക് മധുരപലഹാരങ്ങൾ നൽകുക. അംഗത്വ സ്വീകരണവും നവീകരണവും നടത്തുക.

14 - വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ - ഭവനങ്ങളിൽ കുരിശുരൂപം അലങ്കരിച്ച് പ്രതിഷ്ഠിക്കുക.

15 – അന്താരാഷ്ട്ര ജനാധിപത്യദിനം – ഇന്ത്യയിൽ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുക.

17–19 – MPC @ പടന്നക്കാട്.

21 – വി. മത്തായിയുടെ തിരുനാൾ – വി. മത്തായി 9:9–13 വായിക്കുക. മത്തായി നാമധാരികൾക്ക് ആശംസ നേരുക.

27 – വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ – ഒരു പാവപ്പെട്ട വ്യക്തിക്ക് സാധിക്കുന്ന സാമ്പത്തിക സഹായം നൽകുക.

– അന്താരാഷ്ട്ര വിനോദയാത്രാദിനം – യൂണിറ്റുതലത്തിൽ വിനോദ യാത്രകൾ സംഘടിപ്പിക്കുക.

29 – മുഖ്യദൂതന്മാരുടെ തിരുനാൾ – അവരുടെ മാധ്യസ്ഥ്യം തേടി പ്രാർഥിക്കുക. മേജർ ആർച്ചു ബിഷപ്പിന് വേണ്ടി ഒരു സ്വർഗ്ഗം ഒരു നന്മ. ഒരു ത്രിത്വസ്തുതി ചൊല്ലി കാഴ്ചവെക്കുക.

– മേഖല – അതിരൂപതാ വിഹിതം അടച്ചു തീർക്കുക.

## IV. അമല പ്രോലൈഫ് കാസർഗോഡ് റീജിയൺ

പ്രോലൈഫ് പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് റീജിയണിൽ ഉൾപ്പെട്ട മേഖലകളെ ചേർത്തുകൊണ്ട് ഒരു സംഗമം തോമാപുരത്തുവെച്ച് ആഗസ്റ്റ് 12 ന് നടത്തപ്പെട്ടു. ആരാധനയോടു കൂടി ആരംഭിച്ചു. തുടർന്ന് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് റീജിയണിന്റെ ലീഡറായി എബിൻ താന്നിക്കലിനെ തെരഞ്ഞെടുത്തു. ശ്രീ. പിയൂസ് പറയിടം, ദിലീപ് തെങ്ങുംപള്ളിൽ, മേഴ്സി വാതപ്പള്ളി, റെജീന തെക്കേപറമ്പിൽ എന്നിവരെ ഭാരവാഹികളായും തെരഞ്ഞെടുത്തു. 35 ഓളം ആളുകൾ ഈ മീറ്റിങ്ങിൽ പങ്കെടുത്തു.

- ആഗസ്റ്റ് 9 ന് കരിക്കോട്ടക്കരി ഇടവകയിലെ പൂത്തോട്ടാൽ ബിബിൻ – ഷാനി ദമ്പതികളുടെ 4 കുട്ടികളിൽ ഇളയവരായ ഇരട്ടകൾക്ക് അതിരൂപതാ ഡയറക്ടർ മാമ്മോദീസ നൽകി. വി. കുർബാന മധ്യേ ജീവന്റെ പ്രാധാന്യത്തെയും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു.
- പ്രോലൈഫ് കോർ ടീം അംഗവും നാലാമത്തെ കുഞ്ഞുങ്ങൾക്ക് നൽകുന്ന ജീവോപഹാരം സമ്മാനത്തിന്റെ സ്പോൺസറുമായ ശ്രീ. പെരുമാട്ടിക്കുന്നേൽ ബിജുവിന്റെ പുതിയ ഭവനത്തിൽ ആഗസ്റ്റ് 19 ന് കോർ ടീം അംഗങ്ങൾ ഒത്തുചേർന്ന് പ്രാർഥിച്ചു. വരും മാസങ്ങളിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**V. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

Ph : 9400206974, 8078122191

**VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

**ആദരാഞ്ജലികൾ**



മേരിപുരം സെന്റ് മേരീസ് എൽ.പി സ്കൂളിലെ അധ്യാപകനായ ശ്രീ. സിജോ ഡൊമിനിക് 26.07.2026 ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2016 മുതൽ കോർപ്പറേറ്റിലെ വിവിധ സ്കൂളുകളിൽ അധ്യാപകനായി സ്ത്യുത്യർഹമായ സേവനം അനുഷ്ഠിച്ച സാറിന്റെ അകാലനിര്യാണത്തിൽ വ്യസനിക്കുന്ന പ്രിയ പത്നിക്കും, മക്കൾക്കും കുടുംബാഗങ്ങൾക്കും സഹാധ്യാപകർക്കും, വിദ്യാർഥികൾക്കും അനുശോചനം അറിയിക്കുന്നു.

**സദ്ഗമയ പിടി ചാക്കോ പ്രസംഗമത്സര വിജയികൾ**

2026 ജൂലൈ 25-ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽ നടന്ന പി.ടി. ചാക്കോ പ്രസംഗമത്സര വിജയികൾ. മത്സരത്തിൽ പങ്കെടുത്ത വിദ്യാർഥികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം നന്ദി പറയുന്നു.

## എടൂർ സെന്റർ

**എൽ.പി വിഭാഗം**

- Ist – ആൻവിയ മെറിൻ റിജോ – സേക്രട്ട് ഹാർട്ട് UPS, അങ്ങാടിക്കടവ്
- IInd – ക്രിസ്റ്റ ആൻസ് റോബിൻ – സെന്റ് തോമസ് UPS, കരിക്കോട്ടക്കരി
- IIIrd – സേറ എലിസബത്ത് റോബിൻസ് – സെന്റ് തോമസ് UPS, മണിക്കടവ്

**യു.പി വിഭാഗം**

- Ist – ഡിയോൺ ജോർജ് ജിയോ – സെന്റ് മേരീസ് HSS, എടൂർ
- IInd – ഇവാനിയ തെരേസ് ബിനു – വയത്തൂർ UPS, ഉളിക്കൽ
- IIIrd – ആൻഡ്രിയ നോബിൻ – സെന്റ് തോമസ് UPS, മണിക്കടവ്

**എച്ച്.എസ് വിഭാഗം**

- Ist – ആൻഡ്രിയ ഷാജു – സെന്റ് തോമസ് HS, മണിക്കടവ്
- IInd – റെയ്ച്ചൽ മരിയ കെ – സേക്രട്ട് ഹാർട്ട് HSS, അങ്ങാടിക്കടവ്
- IIIrd – അർലിൻ അന്ന ഷിബു – സെന്റ് തോമസ് HSS, മണിക്കടവ്

## തോമാപുരം സെന്റർ

**എൽ.പി വിഭാഗം**

Ist – അൻസ അന്ന മനു – വിമല LPS, ഭീമനടി
IInd – സേറ എൽസ ടോം – സെന്റ് തോമസ് LPS, തോമാപുരം
IIIrd – ആദി വിനോദ് – സെന്റ് തോമസ് LPS, തോമാപുരം

**യു.പി വിഭാഗം**

Ist – ആൻഷ ജിമിജു – സെന്റ് തോമസ് HS, തോമാപുരം
IInd – ഹൃദ്യ എം – AUP സ്കൂൾ കരിവേടകം
IIIrd – നിഹ മെറിൻ സോണി – സെന്റ് ജോൺസ് HSS, പാലാവയൽ

**എച്ച്.എസ് വിഭാഗം**

Ist – ഷിയ മരിയ – സെന്റ് ജൂഡ്സ് HSS, വെള്ളരിക്കുണ്ട്
IInd – നേഹ എലിസബത്ത് ഷിജു – സെന്റ് ജൂഡ്സ് HSS, വെള്ളരിക്കുണ്ട്
IIIrd – ആവണി അനീഷ് – സെന്റ് മേരീസ് HS, ചെറുപുഴ

## വായാട്ടുപറമ്പ സെന്റർ

**എൽ.പി വിഭാഗം**

Ist – ബെൽവിൻ ജുബിൻ – സെന്റ് മേരീസ് UPS, പൈസക്കരി
IInd – നിഷിത ജയേഷ് – സെന്റ് മേരീസ് UPS, പൈസക്കരി
IIIrd – നിമൽ ജോൺ ബിബിൻ – സെന്റ് ജോസഫ്സ് UPS, വായാട്ടുപറമ്പ

**യു.പി വിഭാഗം**

Ist – ഫിയോണ മരിയ ജോൺ – സെന്റ് അഗസ്റ്റിൻ HS, നെല്ലിക്കുറ്റി
IInd – ജോവാന മേരി ബിനീഷ് – സെന്റ് മേരീസ് UPS, പൈസക്കരി
IIIrd – ഹെന്ന റോസ് ജോമി – ചെറുപുഷ്പം UPS, ചെമ്പന്തൊട്ടി

**എച്ച്.എസ് വിഭാഗം**

Ist – റിസ ഫാത്തിമ എസ്.വി – ബി.വി.ജെ.എം. HS, പെരുമ്പടവ്
IInd – ആൻ മരിയ ബെന്നി – ബി.വി.ജെ.എം. HS, പെരുമ്പടവ്
IIIrd – ആൽഫിയ ആൻ ബിനു – മേരി ക്യൂൻസ് HS, കുടിയാൻമല

## ചെമ്പേരി സെന്റർ

**എച്ച്.എസ്.എസ് വിഭാഗം**

Ist – ലയ മരിയ ബെന്നി – സെന്റ് മേരീസ് HSS, എടൂർ
IInd – ക്രിസ്റ്റീന ഷാജു – സെന്റ് തോമസ് HSS, മണിക്കടവ്
IIIrd – എഡ്വിൻ സനീഷ് – സെന്റ് ജോസഫ്സ് HSS, വായാട്ടുപറമ്പ

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**നിർമലഗിരി കോളേജിൽ അക്കാദമിക-അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ്**

നിർമലഗിരി കോളേജിൽ കോളേജിന്റെ അക്കാദമിക, ഭരണ പരമായ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള ഓഡിറ്റ് പ്രൊവി ഡൻസ് കോളേജ് അധ്യാപകരായ പ്രൊഫ. ലയ്ന. പി, ഡോ. ശോഭ. എ എന്നിവരുടെ നേതൃത്വത്തിൽ നടന്നു. കോളേജിലെ എല്ലാ വിഭാഗ ങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയ സംഘം, ഭാവിയിൽ വരു ത്തേണ്ട ഗുണപരമായ മാറ്റങ്ങളും അക്കാദമിക നിലവാരം ഉയർത്തുന്ന തിനുള്ള വിലയേറിയ നിർദ്ദേശങ്ങളും മുന്നോട്ടുവെച്ചു.

തുടർന്ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട്, പ്രിൻസിപ്പൽ ഡോ. സാബു സെബാസ്റ്റ്യൻ, ഐക്യു എ സി കോർഡിനേറ്റർ ഡോ. ഫാ. മാർട്ടിൻ ജോസഫ്, വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് എന്നിവർ സംബന്ധിച്ചു.

**ബോട്ടണി ഇൻഡക്ഷൻ പ്രോഗ്രാമും ലോക കണ്ടൽ ദിനാചരണവും സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ ബി.എസ്സി ബോട്ടണി വിദ്യാർത്ഥികൾക്കായുള്ള ഇൻ ഡക്ഷൻ പ്രോഗ്രാമും ലോക കണ്ടൽ ദിനാചരണവും നടന്നു. ഭൂമിത്ര സേന ക്ലബ്ബിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ഉത്തര മേഖല ഫോറസ്റ്റ് കൺസർവേറ്റർ ശ്രീമതി ആർ. കീർത്തി ഐ.എഫ്.എസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ എ.പി. ഇംതിയാസ് മുഖ്യാ തിഥിയായി പങ്കെടുത്തു.

ബോട്ടണി വിഭാഗം മേധാവി ശ്രീമതി രശ്മി പി. തോമസ് സ്വാഗതം ആശംസിച്ചു. ഐ.ക്യു.എ.സി കോ-ഓർഡിനേറ്റർ ഫാ. ഡോ. മാർട്ടിൻ ജോസഫ് ആശംസ അർപ്പിച്ചു. ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അൻപിൻ രാജ ആർ.ഡി നന്ദി പ്രകാശിപ്പിച്ചു.

വനം-പരിസ്ഥിതി മേഖലയിലെ വിദഗ്ധരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചും അവയുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും വിശദമായ ചർച്ച കൾ നടന്നു. പുതുതായി ബോട്ടണി വിഭാഗത്തിൽ ചേർന്ന വിദ്യാർത്ഥികളെ ശാസ്ത്രപഠനത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്നതായിരുന്നു പരിപാടി.

**പ്രേംചന്ദ് ദിനാചരണം സംഘടിപ്പിച്ചു.**

ആധുനിക ഹിന്ദി സാഹിത്യത്തിലെ ഏറ്റവും സ്വാധീനശീലമുള്ള എഴുത്തുകാരിലൊരാളായ മുഷി പ്രേംചന്ദിന്റെ ജന്മവാർഷികത്തോടനു ബന്ധിച്ച് കഥാരചന മത്സരം സംഘടിപ്പിച്ചു. ഹിന്ദി വിഭാഗം അധ്യാപിക സിസ്റ്റർ ഡോക്ടർ ഡിൻസി ജോർജ് ശ്രീമതി ലെന എന്നിവർ നേതൃത്വം കൊടുത്തു.

**നിർമലഗിരി കോളേജിൽ ലിറ്ററി ആൻഡ് ഡിബേറ്റ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു**

നിർമലഗിരി കോളേജിൽ ലിറ്ററി ആൻഡ് ഡിബേറ്റ് ക്ലബ്ബിന്റെ ഉദ്ഘാ ടനം പ്രശസ്ത സാഹിത്യകാരനും തിരക്കഥാകൃത്തുമായ പി.വി. ഷാജി കുമാർ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാ സ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

പുതിയകാലത്ത് ആർദ്രതയും സ്നേഹവുമുള്ളവരായി മാറുവാൻ നല്ല വാക്കുകളും നല്ല കാഴ്ചകളും സഹായിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പി.വി. ഷാജികുമാർ അഭിപ്രായപ്പെട്ടു.

ഉദ്ഘാടനച്ചടങ്ങിന് ശേഷം, നിർമലഗിരി കോളേജിന്റെ പൂർവവിദ്യാർ ഥിനിയായ ലഷിമ കോമത്ത് എഴുതിയ 'ജിലു' എന്ന നോവൽ പ്രകാശനം ചെയ്തു. പി.വി. ഷാജികുമാർ പുസ്തകം പ്രിൻസിപ്പൽ ഡോ. സാബു സെബാസ്റ്റ്യന് നൽകിയാണ് പ്രകാശനം നിർവഹിച്ചത്. തുടർന്ന് ലഷിമ ക്ലബ് അംഗങ്ങളുമായി സംവദിച്ചു.

ചടങ്ങിൽ ഡിബേറ്റ് ക്ലബ് കൺവീനർ ഡോ. ദീപാ മോൾ മാത്യു സ്വാഗതം ആശംസിക്കുകയും, വിദ്യാർഥി പ്രതിനിധി ഗോഡ്‌വിൻ സ്കറിയ നന്ദി പറയുകയും ചെയ്തു.

**സെമിനാർ സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'സമ കാലിക മലയാള സിനിമ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

മലയാള സിനിമയുടെ ഇന്നും നാളെയും എന്ന പ്രമേയത്തെ ആസ് പദമാക്കി നടന്ന ചർച്ചയിൽ വിദ്യാർഥികളും അധ്യാപകരും സജീവമായി പങ്കെടുത്തു. സമകാലിക സിനിമയിലെ മാറ്റങ്ങൾ, പുതിയ പ്രവണതകൾ,

പ്രമേയപരമായ വ്യതിയാനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകൾ സെമിനാറിൽ നടന്നു. മലയാളം വിഭാഗം അധ്യക്ഷൻ ഡോ. ജയ്സൺ ജോസഫ്, മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ദീപാ മോൾ മാത്യു, വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് വിദ്യാർഥികളായ ഋത്വിൻ, അമയ കെ, ജോസഫ് കെ വി, അലീന എന്നിവർ സംസാരിച്ചു.

**കോളേജ് മാഗസിൻ പ്രകാശനം ചെയ്തു**

നിർമലഗിരി കോളേജിൽ 2025–26 അക്കാദമിക വർഷത്തെ മാഗസിൻ ഡേയും കോളേജ് മാഗസിനായ 'ഒച്ച'യുടെ പ്രകാശനവും നടന്നു. സ്റ്റാഫ് എഡിറ്റർ ഡോ. ഫിനിത ജോസ് സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻ സിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. പ്രഭാഷ കനും എം. പിയുമായ ഡോ. വി. ശിവദാസൻ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും മാഗസിൻ പ്രിൻസിപ്പാളിനു നൽകി പ്രകാശനം ചെയ്യുകയും ചെയ്തു.

മാഗസിൻ എഡിറ്റർ മിൻസാര പ്രേം മറുപടി പ്രസംഗം നടത്തി. യൂണി വേഴ്സിറ്റി യൂണിയൻ കൗൺസിലർ അമൃത ഗിരീഷ് ചടങ്ങിന് നന്ദി പറഞ്ഞു.

**സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി 'ഫ്രീഡം വീക്ക്' പരി പാടികൾ സംഘടിപ്പിച്ചു**

നാഷണൽ സർവീസ് സ്കീമിന്റെ (NSS Unit 25 & 26) ആഭിമുഖ്യത്തിൽ 'ഫ്രീഡം വീക്ക്' പരിപാടികൾ സംഘടിപ്പിച്ചു. പെൻസിൽ ഡ്രോയിംഗ്, കാർട്ടൂൺ സ്കെച്ച്, കവിത രചന, പോസ്റ്റർ നിർമ്മാണം എന്നിവയായിരുന്നു. മത്സരയിനങ്ങൾ. വിജയികൾക്ക് സമ്മാനദാനവും നടത്തി. യുവജനദിനാ ചരണവും തിയേറ്റർ വർക്ക്ഷോപ്പും നടത്തി.

നിർമലഗിരി ഓട്ടോണമസ് കോളേജിൽ യുവജനദിനാചരണവും തിയേറ്റർ വർക്ക്ഷോപ്പും സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ കഴിവുകളും സർഗാത്മകതയും തിരിച്ചറിയുന്നതിനും സാമൂഹിക ഉത്തരവാദിത്തബോധം വളർത്തുന്നതിനും ലക്ഷ്യമിട്ടാണ് ഈ പരിപാടി സംഘടിപ്പിച്ചത്. കോളേജ് ബർസാർ ഫാ. തോമസ് കൊച്ചുകാരോട്ട് പരിപാടി ഉദ്ഘാടനം ചെയ്തു.

കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടറും തിയേറ്റർ പ്രവർത്തകനുമായ ശിഖിൽ ഗൗരി മുഖ്യതിഥിയായി പങ്കെടുത്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. യുവജനങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ വളർച്ചയിൽ സർഗാ ത്മകതയുടെയും സ്വയം പ്രകടനത്തിന്റെയും പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ലൂക്കോസ് മാടശ്ശേരി, ഐ.ക്യൂ.എസി. കോ-ഓർഡിനേറ്റർ ഫാ. ഡോ. മാർട്ടിൻ ജോസഫ്, സോഷ്യൽ വർക്ക് വിഭാഗം അസി. പ്രൊഫ. പി. ശ്രീഷ്മ, വിദ്യാർഥി പ്രതിനിധി മിസ്ബ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

തിയേറ്റർ വർക്ക് ഷോപ്പിന്റെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥി യായി മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ദീപാ മോൾ മാത്യു സംസാരിച്ചു. തുടർന്ന് പങ്കെടുത്ത വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**ഓണാഘോഷങ്ങൾക്ക് തുടക്കം**

നിർമ്മലഗിരി കോളേജിൽ ഓണാഘോഷങ്ങൾക്ക് ആവേശകരമായ തുടക്കം കുറിക്കുന്നു. ആഘോഷങ്ങളുടെ ഭാഗമായി കോളേജിൽ വെച്ച് ക്ലബ്ബ് എഫ്.എം 94.3 യും നിർമ്മലഗിരി ടീമും തമ്മിലുള്ള ആവേശകരമായ സൗഹൃദ വടംവലി മത്സരം നടന്നു. നിർമ്മലഗിരി കോളേജ് ഓണാ ഘോഷത്തിന്റെ ഭാഗമായി 'on ആരവം' ഓണം നെയിം റിവീലിംഗും അന്നേദിവസം നടന്നു.

**'ON ആരവം' ഓണാഘോഷം സമാപിച്ചു.**

നിർമ്മലഗിരി കോളേജിൽ ആഘോഷത്തിന്റെയും സ്നേഹത്തിന്റെയും അലയൊലികൾ തീർത്ത് ‘ON ആരവം’ ഓണാഘോഷ പരിപാടികൾ വർണാ ഭമായി സമാപിച്ചു. പ്രോഗ്രാം കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരി പാടികളോടെയാണ് ഇത്തവണത്തെ ഓണാഘോഷം അരങ്ങേറിയത്. വിദ്യാർഥികളുടെ ആഘോഷങ്ങൾക്ക് മുന്നോടിയായി തലേദിവസം സ്റ്റാഫ് അംഗങ്ങൾക്കായി പ്രത്യേക ഓണാഘോഷ പരിപാടികൾ സംഘടി പ്പിച്ചിരുന്നു. വിവിധതരം ഓണ മത്സരങ്ങളും വിവിധ ഡിപ്പാർട്ടുമെന്റിൽ വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.

തുടർന്ന് നടന്ന വിദ്യാർഥികളുടെ ആഘോഷങ്ങളിൽ, ഡിപ്പാർട്ട് മെന്റുകൾ തമ്മിലുള്ള വാശിയേറിയ മത്സരങ്ങൾക്ക് ശേഷം ഓവറോൾ ചാമ്പ്യൻഷിപ്പിൽ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് ഒന്നാം സ്ഥാനവും ഫിസിക്സ് ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും കോമേഴ്സ് ഡിപ്പാർട്ട്മെന്റ് മൂന്നാം സ്ഥാനവും സ്വന്തമാക്കി.

ഓണപ്പാട്ട്, കസേരകളി, കുപ്പിയിൽവെള്ളം നിറയ്ക്കൽ, സാരിയുടുക്കൽ, വടംവലി തുടങ്ങി നിരവധി മത്സരങ്ങളിൽ വിദ്യാർഥികൾ ആവേശത്തോടെ പങ്കെടുത്തു. ആഘോഷങ്ങളുടെ ഭാഗമായി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ കോളേജിലെ എല്ലാ വിദ്യാർത്ഥികൾക്കും സ്വാദിഷ്ടമായ പായസ വിത രണവും നടന്നു. കോളേജ് മാനേജർ ആന്റണി മുതുകുന്നേൽ എല്ലാ അധ്യാപകർക്കും വിദ്യാർഥികൾക്കും ഓണാശംസകൾ നേർന്നു. കോളേജ് ബർസാർ ഡോ. തോമസ് കൊച്ചുകരോട്ട് ആശംസ നേരുകയും വിജയികൾക്ക് സമ്മാനദാനം നൽകുകയും ചെയ്തു. പത്തുദിവസത്തെ ഓണാവധിക്കായി കോളേജ് അടച്ചു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്തോലേറ്റ്
## എ. കെ. സി. സി.

**അതിരൂപത എക്സിക്യൂട്ടീവ് യോഗം**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം ജൂലൈ 24-ന് മാലോത്ത് നടന്നു. അതിരൂപതാ പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷനായ യോഗം ഫൊറോന വികാരി ഫാ. ജോസ് തൈക്കുന്നുംപുറം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി.

ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം പ്രവർത്തന റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു. ഭൂമിയുടെ താരിഫ് റിവൈസ് ചെയ്യണമെന്ന ആവശ്യം ഉൾപ്പെടെ മലയോര മേഖലയിലെ വന്യജീവിശല്യം, കാർഷിക മേഖലയിലെ പ്രതിസന്ധി എന്നിവ ചർച്ചയായി. ഈ വിഷയങ്ങൾ ഉൾപ്പെടുത്തി കേരള സർക്കാരിന് സമഗ്രമായ ഒരു വികസന രേഖ തയ്യാറാക്കി സമർപ്പിക്കാനും യോഗം തീരുമാനിച്ചു.

യൂണിറ്റ് കമ്മിറ്റികളെ കൂടുതൽ ശക്തിപ്പെടുത്തി സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ ഫലപ്രദമായി ഉയർത്തിക്കാട്ടുകയും, ആവശ്യമായ വിഷയങ്ങളിൽ സർക്കാരിനുമേൽ സമ്മർദം ചെലുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാനും തീരുമാനിച്ചു. മാലോം ഫൊറോന പ്രസിഡന്റ് ബെന്നി തുളുമ്പൻമക്കൽ നന്ദി പറഞ്ഞു.

**കത്തോലിക്കാ കോൺഗ്രസ് ദേശീയ കോൺഫറൻസിൽ പങ്കാളിത്തം**

ഓഗസ്റ്റ് 1, 2 തീയതികളിൽ മുംബൈ പനവേലിലുള്ള കല്യാൺ രൂപതാ ആസ്ഥാനത്ത് നടന്ന കത്തോലിക്കാ കോൺഗ്രസ് ദേശീയ കോൺഫറൻസിൽ തലശ്ശേരി അതിരൂപതയിൽ നിന്ന് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും അതിരൂപതാ പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും ഉൾപ്പെടെ ഏഴ് വർക്കിങ് കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

ഇന്ത്യൻ സാഹചര്യത്തിൽ സഭ നേരിടുന്ന വിവിധ വെല്ലുവിളികൾ, സഭയുടെ വളർച്ചയ്ക്കും ശക്തിപ്പെടലിനുമായി നടത്തേണ്ട മിഷൻ

പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അതിരൂപതയെ പ്രതിനിധീകരിച്ച് എത്തിയ നേതാക്കൾ ചർച്ചകളിൽ പങ്കെടുത്തു.

**ഉരുൾ പൊട്ടൽ ദുരിതബാധിത മേഖലകളിൽ സന്ദർശനം**

പാലാവയൽ, തയ്യേനി, ജോസ്ഗിരി, രാജഗിരി, അരിവിളഞ്ഞപൊയിൽ, ഉദയഗിരി, ചന്ദനക്കാംപാറ തുടങ്ങിയ മലയോര മേഖലകളിൽ അതിതീവ്ര മഴയെ തുടർന്ന് ഉണ്ടായ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയുണ്ടാക്കിയ നാശനഷ്ടങ്ങൾ ബാധിച്ച പ്രദേശങ്ങൾ കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ സന്ദർശിച്ചു.

തലശ്ശേരി അതിരൂപതാ വികാരി ജനറൽ മോൺ. ആന്റണി മുതുകുന്നേലിനോടും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിനോടുമൊപ്പം അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും മറ്റ് നേതാക്കളും ദുരിതബാധിത പ്രദേശങ്ങളിൽ എത്തി സ്ഥിതിഗതികൾ വിലയിരുത്തി.

തുടർന്ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദുരിതബാധിത മേഖലകൾ സന്ദർശിച്ചപ്പോഴും കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ പിതാവിനൊപ്പം ഉണ്ടായിരുന്നു. ദുരിതം അനുഭവിക്കുന്ന സമുദായ അംഗങ്ങളെയും മറ്റ് ജനങ്ങളെയും സന്ദർശിച്ച് അവരുടെ ദുഃഖത്തിലും പ്രയാസങ്ങളിലും പങ്കുചേരുകയും ആശ്വാസം പകരുകയും ചെയ്തു.

ദുരിതബാധിത പ്രദേശങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതിനുമായി നടപടി കൾ സ്വീകരിച്ചു. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ നടന്ന പത്രസമ്മേളനത്തിലും കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ പങ്കെടുത്തു.

**വൈദികരെയും സേവനരംഗത്തുള്ളവരെയും ആദരിച്ചു**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അതിരൂപതയിലെ വിവിധ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ഇടവക വൈദികരെ ആദരിച്ചു.

ഓഗസ്റ്റ് 15-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യൂണിറ്റ് കമ്മിറ്റികൾ വിമുക്തഭടന്മാരെയും വിവിധ സേനാവിഭാഗങ്ങളിൽ നിന്ന് വിരമിച്ചവരെയും ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നവരെയും ആദരിച്ചു.

**അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ**

അതിതീവ്ര മഴയെ തുടർന്ന് പുഴകളിലും വലിയ തോടുകളിലും അടിഞ്ഞുകൂടിയ തടികൾ, ചെളി, മണൽ എന്നിവ നീക്കം ചെയ്യുന്നതിനും മണൽ ലേലം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

അനുമതി നൽകണമെന്നാവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സർക്കാരിന് ഇ-മെയിൽ മുഖേന നിവേദനം സമർപ്പിച്ചു.

**കർഷകരെ ആദരിച്ചു**

ചിങ്ങം ഒന്നായ കർഷകദിനത്തിൽ മികച്ച കർഷകരെ കണ്ടെത്തി വിവിധ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. ചെമ്പന്തൊട്ടി ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള മികച്ച കർഷകരെ തെരഞ്ഞെടുത്ത് ആദരിച്ചത് പ്രത്യേകം അഭിനന്ദനാർഹമാണ്.

**മെഡിക്കൽ ക്യാമ്പും സാമൂഹിക സേവന പ്രവർത്തനങ്ങളും**

1 ഓഗസ്റ്റ് 16-ന് കത്തോലിക്കാ കോൺഗ്രസ് പെരിങ്ങാല യൂണിറ്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആരോഗ്യ സംരക്ഷണ രംഗത്ത് പൊതുസമൂഹത്തിന് മാതൃകാപരമായ സേവനമാണ് യൂണിറ്റ് കമ്മിറ്റി ഇതിലൂടെ കാഴ്ചവച്ചത്.

2 അർജുന അവാർഡ് ജേതാവ് ട്രീസ ജോളിയുടെ ഭവനവും കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ സന്ദർശിച്ചു. സമുദായ അംഗമായ ട്രീസയുടെ അഭിമാനകരമായ നേട്ടത്തിൽ സംഘടനയുടെ സന്തോഷവും അഭിനന്ദനങ്ങളും പങ്കുവയ്ക്കുകയും മാതാപിതാക്കളെ അനുമോദിക്കുകയും ചെയ്തു.

3 കഴിഞ്ഞ മാസം നിര്യാതരായ സമുദായ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും അന്ത്യകർമങ്ങളിൽ പങ്കുചേരുകയും ചെയ്തു.

**ജനങ്ങൾക്കൊപ്പം കത്തോലിക്കാ കോൺഗ്രസ്**

മട്ടന്നൂർ മാലൂരിലെ ജനവാസ മേഖലയിലേക്ക് പുലി ഇറങ്ങി ജനങ്ങളിൽ ഭീതി പരത്തിയ സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ സ്ഥലം സന്ദർശിച്ചു. പരിഭ്രാന്തരായ നാട്ടുകാരെയും കർഷകരെയും ആശ്വസിപ്പിക്കുകയും കത്തോലിക്കാ കോൺഗ്രസ് കർഷകരോടൊപ്പമുണ്ട് എന്ന ഉറപ്പ് നൽകുകയും സംഘടനയുടെ പൂർണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. ചത്ത പുലിയുടെ ജാതകം നോക്കി കർഷകനെതിരെ കേസെടുക്കാം എന്ന സർക്കാർ നിലപാടിനെതിരെ ശക്തമായി പ്രതികരിച്ചു.

ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടും, ദുരിതബാധിതർക്കൊപ്പം ചേർന്നുനിന്നും, കർഷകരുടെയും സാധാരണക്കാരുടെയും അവകാശങ്ങൾക്കായി ശബ്ദമുയർത്തിയും, സാമൂഹിക-സേവന പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളായും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ പ്രവർത്തനങ്ങൾ ശക്തമാക്കി.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**ക്രിസ്റ്റീൻ ധ്യാനം**

23-7-2026 മുതൽ 25-7-2026 വരെ ഇരിട്ടി കടത്തുംകടവ് ഹൃദയാരാം സെന്ററിൽ വച്ചു നടന്ന ക്രിസ്റ്റീൻ ധ്യാനത്തിന് അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ നേതൃത്വം നൽകി.

**നേതൃത്വ പുന:ക്രമീകരണം**

30-7-26 ന് രാജപുരം, പനത്തടി സബ് സോണുകളുടെ പുനസംഘടന കള്ളാർ ആശ്രമ ദൈവാലയത്തിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ നടന്നു. റവ. ഫാ. ജോർജ് കുടുന്തയിൽ നേതൃത്വം നൽകി. രാജപുരം സർവീസ് ടീം കോർഡിനേറായി ശ്രീ. മാത്യു ഉമ്മംകുന്നേൽ, സെക്രട്ടറിയായി ശ്രീ. ബേബി തടത്തിൽ, ട്രഷററായി ശ്രീ. തോമസ് കള്ളിക്കാട്ട് എന്നിവരെ തിരഞ്ഞെടുത്തു. പനത്തടി സബ് സോൺ സർവ്വീസ് ടീം കോർഡിനേറ്ററായി ശ്രീ. ജോൺസൺ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു.

**രോഗി സന്ദർശനം**

അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ 24.8.26 ന് നേതൃത്വതലത്തിൽ രോഗത്താൽ പ്രയാസപ്പെടുന്നവരുടെ ഭവന സന്ദർശനം നടത്തുകയും പ്രാർഥിക്കുകയും ചെയ്തു.

**പുഷ് 2026**

ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 19, 20, 21 തീയതികളിൽ നടക്കുന്ന പുഷ് മധ്യസ്ഥ പ്രാർഥനാ കോൺഫറൻസിന് തലശ്ശേരി സോണിൽ നിന്നും കണ്ണൂർ സോണിൽ നിന്നും മധ്യസ്ഥ പ്രാർഥനാ മിനിസ്ട്രിയിലുള്ളവരെ പങ്കെടുപ്പിക്കുവാൻ രണ്ട് ബസുകൾ ക്രമീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോണിൽ നിന്ന് ഓരോ സബ് സോണിൽ നിന്നും 10 പേരെ വീതം പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. കോൺഫറൻസിൽ കെ.സി.ബി.സി. ചെയർമാൻ, കെ.സി. ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ, കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി, ഷെവ. സിറിൾ ജോൺ, ഡിവൈൻ ധ്യാനകേന്ദ്രം ഇംഗ്ലീഷ് വിഭാഗം ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ വല്ലൂരാൻ എന്നിവർ നേതൃത്വം നൽകുന്നതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും മധ്യസ്ഥ മിനിസ്ട്രിയുടെ നേതൃത്വം വഹിക്കുന്നവർ പങ്കെടുക്കുന്നു. കോൺഫറൻസിന്റെ വിജയത്തിനായി ഏകദിന മധ്യസ്ഥ പ്രാർഥന ജൂലൈ 17 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടന്നു.

**അഭിഷേക പ്രാർഥന**

കേരളത്തിലെ 24 സോണുകളിൽ നിന്നും സോണൽ സേവന സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കായി ആഗസ്റ്റ് 7, 8, തീയതികളിലായി എമ്മാവൂസിൽ വച്ചുനടന്ന അഭിഷേക പ്രാർഥനയിൽ അതിരൂപതയിൽ നിന്നും 27 പേർ പങ്കെടുത്തു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് നേതൃത്വം നൽകി. ദേശീയ സേവന സമിതി മുൻ കോർഡിനേറ്റർ ബ്ര. ജോയ് ആന്റണി, കെ.സി. എസ്.സി കോർഡിനേറ്റർ എന്നിവർ ലീഡർഷിപ്പ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. 200 പേർ പങ്കെടുത്തു.

**സോണൽ കൂട്ടായ്മ**

കണ്ണൂർ സോൺ സോണൽ കൂട്ടായ്മ ആഗസ്റ്റ് 1 ന് തളിപ്പറമ്പ് ദർശന ധ്യാനകേന്ദ്രത്തിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ നടന്നു. കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ വി. ബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. 160 പേർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണി വരെ കണ്ണൂർ സേവന സമിതിയി അംഗങ്ങൾ ആനിമേറ്ററച്ചനോടൊപ്പം ഒരുമിച്ച് യോഗം ചേരുകയും സബ് സോൺതല പുനസംഘടന ആഗസ്റ്റ് 19 മുതൽ 25 വരെ നടത്താൻ തീരുമാനിക്കുകയും ചെയ്തു. അടുത്ത സോണൽ കൂട്ടായ്മ 5-9-26 ന് ദർശന ധ്യാനകേന്ദ്രത്തിൽ വച്ചു തന്നെ നടത്താൻ തീരുമാനിച്ചു.

**സോണൽ സർവീസ് സമിതി**

11-8-2026 ന് ഇരിട്ടി സെഹിയോൻ പ്രാർഥനാലയത്തിൽ വച്ച് നടന്ന തലശ്ശേരി സോണൽ സർവീസ് ടീം മീറ്റിംഗിൽ വച്ച് തലശ്ശേരി സോണിലെ സബ് സോൺ പുനസംഘടന ആഗസ്റ്റ് 11 ന് ആരംഭിക്കാനും 31 ന് പൂർത്തിയാക്കാനും തീരുമാനിച്ചു, എമ്മാവൂസിൽ ദ്വിദിന അഭിഷേക പ്രാർഥനയിൽ പങ്കെടുത്തവരെ തലശ്ശേരി സോണൽ ആനിമേറ്റർ ബഹു. ജോസഫ് കൊളുത്താപ്പള്ളി അച്ചൻ അഭിനന്ദിക്കുകയും, പുനസംഘടനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാസർഗോഡ് സോണൽ സേവന സമിതി 12-8-2026 ന് തോമാപുരം സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് സോണൽ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. സി. പവിത്ര, സോണൽ കോർഡിനേറ്റർ, സർവീസ് സമിതി അംഗങ്ങൾ എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു.

**മിനിസ്ട്രി പുനഃസംഘടന**

14-8-2026 ന് മാവുള്ളാൽ സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ച് കാസർ ഗോഡ് സോണിലെ മിനിസ്ട്രി പുനസംഘടന നടന്നു. 8 മിനിസ്ട്രികളി ലെയും 2 കൗൺസിലുകളുടെയും പുനസംഘടനയാണ് നടന്നത്. തലശ്ശേരി സോണിലെ മിനിസ്ട്രി പുനസംഘടന 4-9-2026 ന് ഇരിട്ടി സെഹിയോൻ പ്രാർഥനാലയത്തിൽ വച്ചു നടത്തുന്നതാണ്. സോണിലെ നിലവിലെ മിനിസ്ട്രി സർവീസ് ടീമംഗങ്ങളും സോണൽ മിനിസ്ട്രി കോൺടാക്റ്റ് പേഴ്സണും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഫോർമേഷൻ പ്രോഗ്രാം**

അതിരൂപതയിലെ 3 സോണുകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട വർക്കുള്ള ഫോർമേഷൻ പ്രോഗ്രാം, സെപ്റ്റംബർ 28, 29, 30 തീയതികളിൽ നടത്താൻ തീരുമാനിച്ചു. സെപ്റ്റംബർ 28 ന് കാസർഗോഡ് ആരംഭിച്ച് 30 ന് തലശ്ശേരിയിൽ അവസാനിക്കുന്ന ഫോർമേഷൻ പ്രോഗ്രാമിന് കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ തുണ്ടയിൽ, മോൺ. മാത്യു ഇളം തുരുത്തിപ്പടവിൽ, അതിരുപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻ പുരയ്ക്കൽ, റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, സി. മരിയറ്റ് എം.എസ്.എം.ഐ, കെ.സി.എസ്.സി. ടീമംഗ ങ്ങൾ എന്നിവർ നേതൃത്വം നൽകുന്നതാണ്.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

ഈശോയിൽ പ്രിയ അൽമായ സഹോദരങ്ങളെ,

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളിന് ഒരുക്കമായി പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിലെ ഏകദിന ശുശ്രൂഷയോട് അനുബന്ധിച്ച് ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. പരിശുദ്ധ അമ്മയോട് കൂടുതൽ ഭക്തിയും, സ്നേഹവും വർധിപ്പിക്കുവാൻ സഹായകമാകുന്ന ക്ലാസ്സാണ് അച്ചൻ നയിച്ചത്.

ഏകദിനധ്യാനത്തിനു ശേഷം, ഇരിട്ടി റീജിയൻ ഭാരവാഹികൾ അത്മീയ സഹായി ഫാ. ജോബിഷിന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേരുകയും, ഓണത്തോടനുബന്ധിച്ച് ഒരു അൽമായ സംഗമം ആഗസ്റ്റ് 22 ശനിയാഴ്ച പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽവച്ച് നടത്തുവാനും തീരുമാനിച്ചു. ഇരിട്ടി റീജിയന്റെ കീഴിലുള്ള എല്ലാ യൂണിറ്റുകളിലെയും അൽമായ സഭാംഗങ്ങളെയും, അവരുടെ കുടുബാംഗങ്ങളെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുന്നുണ്ട്. എല്ലാവർക്കും പരസ്പരം പരിചയപ്പെടുവാനും, അടുത്തിടപഴകാനുമുള്ള അവസരം ഒരുക്കുക എന്നതാണ് ഈ സംഗമത്തിലൂടെ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഓരോ യുണിറ്റുകളുടെയും പ്രാർഥനാശൈലിയും വൈവിധ്യമാർന്ന ഉപവി പ്രവൃത്തികളും എല്ലാവരെയും പരിചയപ്പെടുത്തുക എന്ന ഒരു ലക്ഷ്യവും സംഗമത്തിനുണ്ട്. ഓരോ യുണിറ്റുകളുടെയും പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും മറ്റു യുണിറ്റുകൾക്ക് പ്രചോദനമാകുന്ന പ്രവർത്തനങ്ങൾ ഭാവിയിൽ അവർക്കും നടപ്പിലാക്കാനുള്ള പ്രോത്സാഹനങ്ങൾ നൽകും. 1 തെസ. 5:16–18 ൽ പറയുന്നതുപോലെ 'എപ്പോഴും സന്തോഷത്തോടെ ഇരിക്കുവാനും, ഇടവിടാതെ പ്രാർഥിക്കുവാനും, എല്ലാകാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവാനും ഏവരെയും പ്രചോദിപ്പിക്കുക എന്നതാണ് ഈ അൽമായ സഭാസംഗമം – 2026 ന്റെ സുപ്രധാന ലക്ഷ്യം.

അൽമായ സഭയുടെ അംഗങ്ങൾ ആയ നമ്മൾ ഓരോരുത്തരും കൂടുതൽ വിശുദ്ധിയോടെ ജീവിക്കുവാനുള്ള ദൈവാനുഗ്രഹം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മാധ്യസ്ഥതയാൽ ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ആദരാഞ്ജലികൾ**

ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയുടെ സ്ഥാപക നേതാവായ ശ്രീ. ആന്റണി വെട്ടിക്കാട്ടിലിന്റെ മകൻ സന്തോഷ് വെട്ടിക്കാട്ടിലിന്റെ നിര്യാണത്തിൽ ഒന്നാം തീയതി ശനിയാഴ്ച തലശ്ശേരി അതിരൂപത ആദം മിനിസ്ട്രി അനുശോചനം രേഖപ്പെടുത്തുകയും അംഗങ്ങൾ ഒന്നിച്ചുചേർന്ന് റീത്ത് സമർപ്പിക്കുകയും ചെയ്തു. മൃത സംസ്കാര ശുശ്രൂഷയ്ക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി.

**ബാംഗ്ലൂർ എഫ്ഫാത്ത മിഷൻ**

9-ാം തീയതി ഞായറാഴ്ച ബാംഗ്ലൂർ മിഷനിൽ ബൈബിൾ ക്ലാസ്സും വിശുദ്ധ കുർബാനയും അർപ്പിച്ചു. ബാംഗ്ലൂർ മിഷന്റെ സജീവ അംഗമായ സീന ജോണിന്റെ 50-ാം പിറന്നാൾ അംഗങ്ങൾ ഭംഗിയായി ആഘോഷിച്ചു.

**ശാലോം ടെലിവിഷൻ**

12, 13 തീയതികളിലായി ആംഗ്യ ഭാഷയിലുള്ള വിശുദ്ധ കുർബാനകൾ റെക്കോർഡ് ചെയ്തു. വിശുദ്ധ കുർബാനക്ക് സഹായിച്ച ബഹു. സി. പ്രിജ FCC, ശ്രീമതി. വീണ സിനോജ് എന്നിവർക്ക് പ്രത്യേകം നന്ദി.

**സ്വാതന്ത്ര്യദിന ആഘോഷം**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനോടനുബന്ധിച്ച് നീലേശ്വരം സെന്റ് ജോൺസ് റീഹാബിലിറ്റേഷൻ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ഇന്ത്യൻ സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ ഭാഗമായി അന്തേവാസികൾക്ക് ഒപ്പം ചേർന്ന് പതാക ഉയർത്തുകയും സ്വാതന്ത്ര്യദിനത്തിന്റെ സന്ദേശം നൽകുകയും ചെയ്തു.

**ആദരാഞ്ജലികൾ**

നീലേശ്വരം സെന്റ് ജോൺസ് റീഹാബിലിറ്റേഷൻ സെന്റർ ഡയറക്ടർ ബ്രദർ മാനുവേൽ പൈകടയുടെ അമ്മ ബ്രിജിത് ജോസഫിന്റെ

നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ റീത്ത് സമർപ്പിക്കുകയും ചെയ്തു. അതിരൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് രൂപതയിലെ ഭിന്നശേഷിക്കാരായ ആളുകൾക്ക് അഭയം നൽകി, അവർക്ക് ശുശ്രൂഷ നൽകുന്ന ബ്രദർ മാനുവേലിനോടുള്ള ബഹുമാനാർത്ഥം മോൺ. ഫാ. മാത്യു ഇളംതുരുത്തിപടവിൽ ദൈവാലയ ത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും, സന്ദേശം നൽകുകയും ചെയ്തു.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ 16-ാം തീയതി ഞായറാഴ്ച ബൈബിൾ ക്ലാസും വിശുദ്ധ ബലിയും നടത്തി. കൂട്ടായ്മയിലെ നവദമ്പതികളായ അരുൺ സിറിയക്, ആൻ മരിയ എന്നിവർക്ക് കൂട്ടായ്മ ഹാർദവമായ സ്വാഗതം നൽകി. വി. കുർബാന ശേഷം അരുൺ സിറിയക് ആൻ മരിയ എന്നിവരുടെ സന്തോഷത്തിന്റെ ഭാഗമായി എല്ലാവർക്കും സ്നേഹവിരുന്ന് നൽകപ്പെട്ടു.

**വയനാട് എഫ്ഫാത്ത മിഷൻ**

വയനാട് മിഷനിൽ 23-ാം തീയതി ഞായറാഴ്ച വി. കുർബാന അർപ്പി ക്കുകയും കേരളീയരുടെ ഉത്സവമായ ഓണം സമുചിതമായി ആഘോഷി ക്കുകയും ചെയ്തു. ഓണാഘോഷങ്ങൾക്ക് ഫാ. ജോസഫ് തേർമഠം നേതൃത്വം നൽകി. അംഗങ്ങൾ തങ്ങളുടെ ഭാഗങ്ങളിൽ നിന്ന് ഓണാഘോഷ ത്തിനുള്ള വിഭവങ്ങൾ ഒരുക്കി കൊണ്ടുവന്നു. അസംപ്ഷൻ പള്ളിയിലെ ബഹുമാനപ്പെട്ട വൈദികരും ഭരണസമിതി അംഗങ്ങളും ആഘോഷങ്ങളിൽ പങ്കുചേർന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരി കാർന്നുതിന്നുന്ന ജീവിതങ്ങളെ വേദനയോടെയാണ് നോക്കി കാണുന്നത്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും തകർത്തു ഛിന്നഭിന്നമാക്കുന്ന ലഹരി എന്ന മഹാവിപത്തിനെതിരെ സർവശക്തിയും സമാഹരിച്ച് നന്മ ആഗ്രഹിക്കുന്ന എല്ലാ സുമനസ്സുകളും ഒരുമിച്ച് പോരാടേണ്ട കാലമാണിത്. സമൂഹത്തെ നേർവഴിക്ക് നയിക്കുവാൻ നിയോഗിക്കപ്പെട്ടവർ പോലും ലഹരികേസുകളിൽ പിടിക്കപ്പെടുമ്പോൾ രോഗഗ്രസ്തമായ ഒരു സമൂഹത്തിന്റെ ലക്ഷണമായി കൂടി അത് വിലയിരുത്തപ്പെടുകയാണ്. സമീപകാലത്ത് മനസാക്ഷിയെ നടുക്കിയ കൊലപാതകങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും പിന്നിലെ പ്രധാന വില്ലൻ ലഹരിയാണെന്ന് മനസ്സിലാക്കുമ്പോഴാണ് ലഹരിയുടെ ഭയാനകത നമ്മൾ തിരിച്ചറിയുന്നത്. ലഹരിക്കെതിരായ പോരാട്ടവും പ്രവർത്തനവും ദൈവരാജ്യശുശ്രൂഷയുടെ പ്രധാനഭാഗമാണെന്ന ബോദ്ധ്യത്തിൽ നമുക്ക് പ്രവർത്തിക്കാം.

**ക്വിറ്റ് ഡ്രഗ്സ് ഡേ ദിനാചരണം**

ക്വിറ്റ് ഇന്ത്യാദിനമായ ഓഗസ്റ്റ് 9 ഞായറാഴ്ച ചെമ്പേരി ബസിലിക്ക ഇടവകയിൽ ക്വിറ്റ് ഡ്രഗ്സ് ഡേ ആയി ആചരിച്ചു. അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ദിനാചരണത്തിന്റെ ഭാഗമായ അതിരൂപത ഡയറക്ടർ ഫാ. കുര്യക്കോസ് കോലക്കുന്നേൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വി. കുർബാനക്ക് ശേഷം ദൈവാലയ അങ്കണത്തിൽ 'ക്വിറ്റ് ഡ്രഗ്സ് ഡേ' ആചരണത്തിന്റെ ബാനറിന് പിന്നിൽ ഇടവകജനം അണിനിരന്നു. മദ്യ – ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്ത സമ്മേളനത്തെ ഡയറക്ടറച്ചൻ അഭിസംബോധന ചെയ്തു. കുട്ടികൾക്കും സന്ദേശം നൽകി. ബസിലിക്ക റെക്ടർ വെരി. റവ. ഫാ. തോമസ് തയ്യിൽ, അസി. വികാരി റവ. ഫാ. മാർട്ടിൻ തുറയ്ക്കൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**പനത്തടി സെന്റ് ജോസഫ് ഫൊറോന പള്ളിയിൽ യൂണിറ്റുകൾ സ്ഥാപിച്ചു**

പനത്തടി സെന്റ് ജോസഫ് ഫൊറോന പള്ളിയിൽ ഓഗസ്റ്റ് 16

ഞായറാഴ്ച ബഹു. ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ വി. കുർബാനയർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ സ്ഥാപിച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ധാരാളം ആളുകൾ ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ സന്മനസ്സ് കാണിക്കുന്നത് അഭിനന്ദനാർഹമാണ്. കുട്ടികൾക്കും ലഹരിവിരുദ്ധ സന്ദേശം നൽകി. എല്ലാറ്റിനും ഭംഗിയായ നേതൃത്വം നൽകിയ വികാരി വെരി റവ. ഫാ. ചാക്കോ കുടിപ്പറമ്പിലച്ചനും അസി. വികാരി ബഹു. മാത്യു മണലേലച്ചനും അഭിനന്ദനങ്ങൾ.

### പടുപ്പ് സെന്റ് ജോർജ് പള്ളിയിൽ

പടുപ്പ് സെന്റ് ജോർജ് പള്ളിയിൽ ഓഗസ്റ്റ് 23 ഞായറാഴ്ച ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ച് ലഹരി വിരുദ്ധസന്ദേശം നൽകി. ഇരു സംഘടനകളുടെയും പ്രവർത്തകരോട് സംസാരിച്ചു. കുട്ടികൾക്കും ലഹരി വിരുദ്ധ സന്ദേശം നൽകി. എല്ലാറ്റിനും സുന്ദരമായ നേതൃത്വം നൽകിയ പനത്തടി ഫൊറോന മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ഡയറക്ടർ കൂടിയായ വികാരി ബഹു. ജോർജ് ഇലവുംകുന്നേലച്ചന് അഭിനന്ദനങ്ങൾ.

### ഫൊറോനാ ഡയറക്ടർമാരുടെ സമ്മേളനം

ഇരു സംഘടനകൾക്കും പുതിയ ഫൊറോന ഡയറക്ടർമാർ നിലവിൽ വന്നശേഷം ആദ്യത്തെ സമ്മേളനം ഓഗസ്റ്റ് 18 ചൊവ്വാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വെച്ച് നടന്നു. ഏറെ കാലത്തിനു ശേഷം നടന്ന ഫൊറോന ഡയറക്ടർമാരുടെ സമ്മേളനം ഹൃദ്യമായ ഒരു അനുഭവം ആയിരുന്നു. ഗൗരവതരവും ആരോഗ്യപരവുമായ കാരണങ്ങളാൽ ചില ബഹു. വൈദികർക്ക് പങ്കെടുക്കുവാൻ പറ്റിയില്ലെങ്കിലും 13 പേർ പങ്കെടുത്തു. ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർമാർക്ക് ഒരു പുതുമയുള്ള കർമ്മ പദ്ധതി അദ്ദേഹം അവതരിപ്പിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു ആശാരിപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫലപ്രദമായ ചർച്ച ആയിരുന്നു. മദ്യ - ലഹരി വിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ട്, മുക്തിശ്രീയുടെ അതിരൂപത പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ എന്നിവർ സംസാരിച്ചു.

### തീരുമാനങ്ങൾ

1. സെപ്റ്റംബർ 30 ന് മുമ്പ് അതിരൂപതയിലെ എല്ലാ ഇടവകകളിലും ഇരു സംഘടനകളുടെയും യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ ഫൊറോന ഡയറക്ടർമാർ നേതൃത്വം നൽകുക.
2. ഒക്ടോബർ മാസത്തിൽ ഫൊറോനാസമിതികൾ വിളിച്ചു ചേർക്കുക. പ്രസ്തുത മാസം 31 ന് മുമ്പ് പുതിയ ഫൊറോന സമിതികൾ നിലവിൽ വരണം.

3. ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സുകൾ നൽകുക.
4. സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
5. ആന്റി ഡ്രഗ്സ് സ്പോർട്സ് ഫെസ്റ്റുകൾ സംഘടിപ്പിക്കുക.
6. സ്കൂളുകളിൽ ലഹരിക്കെതിരെ പ്രവർത്തനങ്ങളും ഇടപെടലുകളും നടത്തുക.
7. ഡീ അഡിക്ഷൻ സെന്ററിന്റെ സേവനം ആവശ്യമുള്ളവർക്ക് ലഭ്യമാക്കുക. പ്രതീക്ഷയെ കൂടുതൽ പരിചയപ്പെടുത്തുക.
8. ലഹരിക്കെതിരെയുള്ള വിഷയങ്ങൾ നൽകി കലാമത്സരങ്ങൾ സംഘടിപ്പിക്കുക.
9. ബോധവത്കരണ റാലികൾ നടത്തുക.
10. കുടുംബങ്ങൾ ലഹരി മുക്തമാക്കുവാനും ആഘോഷാവസരങ്ങൾ ലഹരി മുക്തമാക്കുവാനും ശക്തമായ നിർദേശവും പ്രബോധനവും നൽകുക.
11. ആവശ്യക്കാർക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ക്രമീകരിക്കുക.
12. പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുക. റിപ്പോർട്ടുകൾ തയ്യാറാക്കുക.
13. ഫൊറോന തലത്തിൽ സന്നദ്ധതയുള്ള ഒരു ആനിമേറ്റർ സിസ്റ്ററിനെ കണ്ടെത്തി നിയോഗിക്കുക.

സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ ബഹു. വൈദികർക്കും സമ്മേളനത്തിന് നേതൃത്വം നൽകിയ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചനും എല്ലാ കാര്യങ്ങളും മനോഹരമായി ക്രമീകരിച്ച പെരിയ ബഹു. മാത്യു ആശാരിപ്പറമ്പിലച്ചനും അസിസ്റ്റന്റ് വികാരി അമൽ പൂക്കളത്തിലച്ചനും ഹൃദയം നിറഞ്ഞ നന്ദി.

**എ.എ കൂട്ടായ്മകൾ**

ചികിത്സ കഴിഞ്ഞു പോയവർക്കും ലഹരിമുക്ത ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്കും എ.എ കൂട്ടായ്മകളിലെ പങ്കാളിത്തം വളരെ പ്രധാനപ്പെട്ടതാണ്. ഓഗസ്റ്റ് 2 ന് പ്രതീക്ഷയിൽ നടന്ന കൂട്ടായ്മയ്ക്ക് പയ്യന്നൂരിൽ നിന്നുള്ള രാജേഷ് - രേഷ്മ ദമ്പതികൾ നേതൃത്വം നൽകി. സുന്ദരമായ ക്ലാസ്സും ഹൃദയസ്പർശിയായ അനുഭവം പങ്കുവെയ്ക്കുകയും ആയിരുന്നു. ധാരാളം പേർ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിലെ കൂട്ടായ്മ 6-ാം തീയതി ഞായറാഴ്ച നടക്കും. ശ്രീ രഞ്ജിത്ത് ഇ. കെ ക്ലാസ്സിന് നേതൃത്വം നൽകും. എല്ലാ മാസവും ആദ്യ ഞായറാഴ്ചയിലാണ് പ്രതീക്ഷയിലെ എ.എ കൂട്ടായ്മ നടക്കുന്നത്. ചിറ്റാരിക്കാൽ, തേർത്തല്ലി, ഇരിട്ടി, ആര്യപ്പറമ്പ് എന്നിവിടങ്ങളിൽ മുടങ്ങാതെ എ.എ കൂട്ടായ്മകൾ നടന്നുവരുന്നു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

**ടി.എസ്.എസ്.എസിന്റെ 60-ാം വാർഷിക പൊതുയോഗം**

സാമൂഹ്യസേവന രംഗത്ത് ആറ് പതിറ്റാണ്ടിന്റെ സുസ്ഥിരമായ സേവനപാരമ്പര്യം പൂർത്തിയാക്കുന്ന തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ 60-ാം വാർഷിക ആഘോഷവും പൊതുസമ്മേളന വും സെപ്റ്റംബർ 1ന് നെല്ലിക്കാംപൊയിലിൽ വച്ച് നടത്തപ്പെടും. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയും ടി എസ് എസ് എസിന്റെ രക്ഷാധി കാരിയുമായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും മറ്റു വിശി ഷ്ടാഥിതികളും പങ്കെടുക്കും. 60-ാം വാർഷിക ആഘോഷത്തോടനുബ ന്ധിച്ചു നടപ്പാക്കുന്ന കർമപദ്ധതികളുടെ പ്രഖ്യാപിക്കും. സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങളുടെയും കർഷകരുടെയും സ്ത്രീകളുടെയും കുട്ടി കളുടെയും ഉന്നമനത്തിനായി കഴിഞ്ഞ 60 വർഷങ്ങളായി ടി.എസ്.എസ്. എസ്. നടത്തിവരുന്ന വിവിധ സാമൂഹ്യക്ഷേമ, വികസന, സേവന പ്രവർത്തനങ്ങളുടെ നേട്ടങ്ങളും അനുഭവങ്ങളും വിലയിരുത്തുന്നതിനു ള്ള വേദിയായിരിക്കും വാർഷിക പൊതുയോഗം.

ആറ് പതിറ്റാണ്ടുകളായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ട് സാമൂഹിക നീതിയും മനുഷ്യസ്നേഹവും ഉയർത്തിപ്പിടിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ടി.എസ്. എസ്.എസ് മുന്നോട്ടുപോകുകയാണ്. ഭാവിയിലെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശയും കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിനും പൊതു യോഗം വഴിയൊരുക്കും.

**നബാർഡിന്റെ സഹകരണത്തോടെ 90 വനിതകൾക്ക് തയ്യൽ പരിശീലനം**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സഹ കരണത്തോടെ കണ്ണൂർ ജില്ലയിലെ വനിതകൾക്കായി ഗാർമെന്റ് മേക്കിംഗ്, ടെയ്‌ലറിംഗ്, വനിതാ സംരംഭ വികസനം എന്നിവയിൽ പരിശീലനം നൽകുന്നു. 90 വനിതകൾക്ക് തൊഴിൽ നൈപുണ്യം നൽകി സ്വയം തൊഴിൽ സംരംഭങ്ങളിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉപജീവന സംരംഭ വികസന പദ്ധതി (എൽ.ഇ.ഡി.പി.) നടപ്പാക്കുന്നത്.

13 ലക്ഷം രൂപയുടെ പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 2 ന് വൈകിട്ട് 4 മണിക്ക് പൈസക്കരിയിൽ നടക്കും. നബാർഡിന്റെ ചീഫ് ജനറൽ മാനേജർ ശ്രീ. നാഗേഷ് കുമാർ ഉദ്ഘാടനം നിർവഹിക്കും.

പരിശീലനത്തിന്റെ ആദ്യബാച്ചിൽ 30 വനിതകളാണ് പങ്കെടുക്കുക. മൂന്ന് ബാച്ചുകളിലായി 90 വനിതകൾക്ക് പരിശീലനം നൽകും. പൈസക്കരിയിലെ മഡോണ ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

തയ്യൽ, വസ്ത്രനിർമാണം എന്നിവയിൽ സാങ്കേതിക നൈപുണ്യം നൽകുന്നതിനൊപ്പം സംരംഭ രൂപീകരണം, വിപണനം തുടങ്ങിയ മേഖലകളിലും പരിശീലനം നൽകുന്നതാണ്. വനിതകൾക്ക് സ്ഥിരമായ ഉപജീവന മാർഗം ഒരുക്കുകയും വനിതാ നേതൃത്വത്തിലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ പദ്ധതി സഹായകരമാകും.

**മേഖലാ വാർഷിക പൊതുയോഗങ്ങൾ**

ടി.എസ്.എസ്.എസിന്റെ വിവിധ മേഖലകളുടെ വാർഷിക പൊതുയോഗം നടത്തി. മേഖലയിലെ എല്ലാ യൂണിറ്റുകളുടെയും പ്രവർത്തനങ്ങളും, സാമ്പത്തിക ഇടപാടുകളും ചർച്ച ചെയ്യപ്പെട്ടു. മികച്ച യൂണിറ്റുകളെ തിരഞ്ഞെടുക്കുകയും മേഖലകളുടെ നേതൃത്വത്തിൽ ആദരിക്കുകയും ചെയ്തു. സംഘനിധിയുടെയും, ആർ സി സിയുടെയും സാമ്പത്തിക ഇടപാടുകൾ വിലയിരുത്തപ്പെട്ടു. ഇന്റേണൽ ഓഡിറ്റർമാർക്കു പരിശീലനം നൽകി. ടി എസ് എസ് എസ് വാർഷിക പൊതുയോഗത്തിനായി എല്ലാ മേഖലകളും ഒരുങ്ങി.

**വിവിധ യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ**

യൂണിറ്റുകളുടെ നേതൃത്വത്തിൽ വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. കോഴിച്ചാൽ, മേരിഗിരി, തോമാപുരം, ചെറുപുഴ, നാട്ടക്കൽ, പരപ്പ എം.എസ്.എസ്, ബദിയടുക്ക, വെള്ളരിക്കുണ്ട്, കല്ലുവയൽ, മുണ്ടാനൂർ, മാട്ടറ, അറബി, പൈസക്കരി, ചെമ്പന്തൊട്ടി എം.എസ്.എസ്, മണ്ടളം, ഏറ്റുപാറ, ജോസ്മൗണ്ട് തുടങ്ങിയ വിവിധ യൂണിറ്റുകളിൽ വാർഷിക പൊതുയോഗങ്ങൾ നടത്തി. യോഗങ്ങളിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരുംകാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ടി.എസ്.എസ്.എസ്. യൂണിറ്റുകളുടെ ഗ്രേഡിംഗ് നടത്തി**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ 158 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളും യൂണിറ്റ് ഗ്രേഡിംഗ് നടത്തി.

യൂണിറ്റുകളുടെ പ്രവർത്തന മികവ്, സാമ്പത്തിക ഇടപാടുകൾ, അംഗ പങ്കാളിത്തം, യോഗങ്ങളുടെ നടത്തിപ്പ്, രേഖകളുടെ പരിപാലനം, വിവിധ പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഗ്രേഡിംഗ് നടത്തിയത്.

യൂണിറ്റുകളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽകാര്യക്ഷമമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ ഗ്രേഡിംഗ് പരിപാടി സംഘടിപ്പിക്കുന്നത്.

**ക്യാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് ഈ മാസം ഓഗസ്റ്റ് 07 ന് ആലക്കോട് ടി.എസ്.എസ്.എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെന്ററിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്തമാസത്തെ ക്യാൻസർ ക്യാമ്പ് സെപ്റ്റംബർ 7ന് നെല്ലിക്കാംപൊയിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടി.എസ്എസ്. എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**ടി.എസ്.എസ്.എസിൽ സോഷ്യൽ വർക്ക് ഇന്റേൺഷിപ്പ്**

അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനരീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി സെന്റ് ജോസഫ് കോളേജ് പിലാത്തറയിൽ നിന്നുള്ള സോഷ്യൽവർക്ക് വിദ്യാർഥി ടി.എസ്.എസ്.എസ്. ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്തുവരുന്നു.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 സെപ്റ്റംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**സെപ്റ്റംബർ 5 – ദേശീയ അധ്യാപക ദിനം (National Teachers' Day)**

ദേശീയ അധ്യാപകദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളുടെയും നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കുന്നതിനും അവരുടെ സേവനങ്ങളെ അംഗീകരിക്കുന്നതിനുമായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക. അധ്യാപകരെ ആദരിക്കൽ ചടങ്ങുകൾ, വിദ്യാർത്ഥികളുടെ ആശംസാ പരിപാടികൾ, അധ്യാപകരുമായുള്ള സംവാദങ്ങൾ, നന്ദിപ്രകടനങ്ങൾ, അധ്യാപകവിദ്യാർഥി ബന്ധം ശക്തിപ്പെടുത്തുന്ന ബോധവത്കരണ പ്രവർത്തന

ങ്ങൾ എന്നിവ സംഘടിപ്പിച്ച് അധ്യാപകരോടുള്ള ആദരവും നന്ദിയും പ്രക ടിപ്പിക്കുക.

**സെപ്റ്റംബർ 5 –** അന്താരാഷ്ട്ര ജീവകാരുണ്യ ദിനം (International Day of Charity)

അന്താരാഷ്ട്ര ജീവകാരുണ്യദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുക ളുടെയും നേതൃത്വത്തിൽ നിർധനരും അവശത അനുഭവിക്കുന്നവരു മായ വ്യക്തികൾക്ക് കൈത്താങ്ങാകുന്നതിനും സാമൂഹിക ഉത്തരവാദിത്വ വും കാരുണ്യബോധവും വളർത്തുന്നതിനുമായി പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ, അവശ്യസാ ധനങ്ങൾ എന്നിവ ആവശ്യക്കാരിലേക്ക് എത്തിക്കൽ, ഭവനപരിസര ശുചീ കരണ പ്രവർത്തനങ്ങൾ, വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സഹായംനൽകൽ, സമൂഹത്തിലെ അശരണരുമായി സൗഹൃദ സന്ദർശന ങ്ങൾ നടത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കരുണ, സഹാനുഭൂതി, പങ്കുവെക്കൽ എന്നിവയുടെ സന്ദേശം ഉയർത്തിപ്പിടിക്കുകയും സമൂഹത്തിൽ സേവന മനോഭാവം ശക്തിപ്പെടുത്തുകയും ചെയ്യുക.

- **രോഗീസന്ദർശനം & ചികിത്സാസഹായം**

കല്ലുവയൽ സി.യു, ചെമ്പന്തൊട്ടി എം.എസ്.എസ്, ചെമ്പന്തൊട്ടി സി.യു എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

- **അഗതിമന്ദിരം & അനാഥാലയ സന്ദർശനം**

പടിമരുത്, വെള്ളരിക്കുണ്ട്, വെമ്പുവ, ചെമ്പന്തൊട്ടി എന്നീ യൂണിറ്റു കൾ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

- **മെഡിക്കൽ ക്യാമ്പ്**

ജൂലൈ മാസത്തെ മാനസിക രോഗികൾക്കായുള്ള മെഡിക്കൽ ക്യാമ്പ് ജൂലൈ 26 ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30ന് ഡോക്ടർ സി. വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തി.

- ബോധവത്കരണ ക്ലാസ് : കോഴിച്ചാൽ യൂണിറ്റ് മഴക്കാല രോഗങ്ങളും പ്രതിരോധമാർഗങ്ങളും എന്നവിഷയത്തെപ്പറ്റി ആരോഗ്യ ബോധവത്കര ണക്ലാസ്സ് നടത്തി.
- പരപ്പ എം.എസ്.എസിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക രണ ക്ലാസ് സംഘടിപ്പിച്ചു.
- ബദിയടുക്ക യൂണിറ്റിന്റെ നേതൃത്വത്തിൽ കുടുംബശാക്തീകരണം, ജീവി

തശൈലീ രോഗനിയന്ത്രണം എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

- വെള്ളരിക്കുണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ ഫാ. ജേക്കബ് കാശാകാട്ടിൽ സൈബർ സെക്യൂരിറ്റിയെപ്പറ്റി ക്ലാസ്സ് എടുത്തു.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണ ദിനാചരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- മുണ്ടാനൂർ എം.എസ്.എസ്, അവയവദാന ദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ് നടത്തി.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്ത്, ക്രെഡിറ്റ് യൂണിയൻ എന്നിവയുടെ സഹകരണത്തോടെ രോഗപ്രതിരോധ ക്യാമ്പ് സംഘടിപ്പിച്ചു. ഉളിക്കൽ ആയുർവേദ ആശുപത്രിയിലെ ഡോ. തുളസി ബോധവത്കരണ ക്ലാസ് നയിച്ചു.
- ചെമ്പേരി എം.എസ്.എസിന്റെ നേതൃത്വത്തിൽ മഴക്കാല രോഗങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകളെക്കുറിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- ജോസ്മൗണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ 'സോഷ്യൽ മീഡിയയും സാമൂഹിക തിന്മകളും' എന്ന വിഷയത്തിൽ ആനിമേറ്റർ സി. ഷീന SKDബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- ഭവനനിർമ്മാണം: മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനനിർമാണ ആവശ്യത്തിനായി ധനസഹായം നൽകി.
- പഠനസഹായം: വെള്ളരിക്കുണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പഠനസഹായവും പഠനോപകരണങ്ങളും വിതരണം ചെയ്തു.

**വിവിധ ദിനാഘോഷങ്ങൾ**

ഓഗസ്റ്റ് 17 – കർഷക ദിനം

പുളിങ്ങോം, നാട്ടക്കൽ, മുണ്ടാനൂർ എം.എസ്.എസ്, അറബി, ചെമ്പന്തൊട്ടി സി.യു, നടുവിൽ, നെല്ലിക്കുറ്റി, ചെമ്പന്തൊട്ടി എം.എസ്.എസ് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ കർഷകരെ ആദരിച്ചുകൊണ്ട് കർഷക ദിനാചരണം സംഘടിപ്പിച്ചു.

**ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം (Independence Day)**

ടി.എസ്.എസ്.എസിന്റെ എല്ലാ യൂണിറ്റുകളിലും സ്വാതന്ത്ര്യദിനാചരണ

ത്തിന്റെ ഭാഗമായി ദേശീയപതാക ഉയർത്തുകയും അനുബന്ധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**മറ്റ് പ്രവർത്തനങ്ങൾ**

- വെള്ളപ്പൊക്കത്തിൽ വീട് വെള്ളത്തിൽ മുങ്ങിയ കമ്മിറ്റിയംഗത്തിന്റെ ഭവനം പുളിങ്ങോം ക്രെഡിറ്റ് യൂണിയൻ ഭരണസമിതിയംഗങ്ങൾ സന്ദർശിക്കുകയും, ആവശ്യമായ സഹായങ്ങളും സഹകരണങ്ങളും നൽകുകയും ചെയ്തു.
- കാവുംതല, കമ്പല്ലൂർ ക്രെഡിറ്റ് യൂണിയനുകളും ഗവൺമെന്റ് ആയുർവേദ ആശുപത്രിയും സംയുക്തമായി ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
- ചട്ടമല സെന്റ് മേരീസ് ഇടവകയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾക്കായി ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. അംഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി ഇൻഷുറൻസ് സേവനദാതാക്കളുമായി സഹകരിച്ച് അംഗങ്ങൾക്ക് ബോധവത്കരണവും ആവശ്യമായ സേവന സൗകര്യങ്ങളും ഒരുക്കി.
- വെള്ളരിക്കുണ്ട് യൂണിറ്റ് ദേശീയ കായികമേളയിൽ വടംവലിയിൽ സ്വർണ്ണം നേടിയ ഹൈസ്കൂളിലെ മൂന്ന് കുട്ടികളെ മെമെന്റോ നൽകി ആദരിച്ചു.
- കല്ലുവയൽ, മുണ്ടാനൂർ, അറബി തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ അംഗങ്ങൾക്കും കർഷകർക്കുമായി കവുങ്ങിൻതൈകൾ വിതരണം ചെയ്തു.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ പശുവളർത്തൽ പദ്ധതിയുടെ ഭാഗമായി പശുവിനെ നറുക്കെടുപ്പിലൂടെ ഗുണഭോക്താവിന് വിതരണം ചെയ്തു.
- മാട്ടറ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി.

**ഫാ. ജോസഫ് ചെരിയംകുന്നേൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

# റേഡിയോ ഫോർ യൂ 89.6
## കമ്മ്യൂണിറ്റി റേഡിയോ

**റേഡിയോ ഫോർ യു 89.6 FM**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ, റേഡിയോ ഫോർ യു. 89.6 FM നാടിന്റെ നട്ടെല്ലായി, സാധാരണക്കാരുടെ വേദിയായി, അറിവുകളുടെ കലവറയായി കാഞ്ഞങ്ങാട് പ്രവർത്തിച്ചുവരുന്നു. ആശയവിനിമയരംഗത്ത് ജനങ്ങളുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തുന്ന മാധ്യമമായ ഈ റേഡിയോ, വിനോദത്തോടൊപ്പം അറിവും സാമൂഹിക ബോധവും പങ്കുവയ്ക്കുന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു.

നാടിന്റെ ശബ്ദമായി പ്രവർത്തിച്ചുകൊണ്ട് കാഞ്ഞങ്ങാടിന്റെയും കാസർഗോഡിന്റെയും സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെ വൈവിധ്യമാർന്ന വിശേഷങ്ങൾ റേഡിയോ ഫോർ യു ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു.

**സ്വാഗതം**

റേഡിയോയിൽ പ്രോഗ്രാം പ്രൊഡ്യൂസറായി നിയമിതയായ, പടന്നക്കാടുള്ള ശ്രീമതി. രിഞ്ചു സനോജിനെ സ്വാഗതം ചെയ്തു.

**റേഡിയോ നാടകം - അമൃതഗാനം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശസ്നേഹത്തിന്റെ സന്ദേശവും സ്വാതന്ത്ര്യദിനത്തിന്റെ ചരിത്രവും പുതുതലമുറയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ റേഡിയോ കോർഡിനേറ്ററും അധ്യാപകനുമായ ശ്രീ. ബിജു നെറ്റിക്കാട്ട് രചനയും സംവിധാനവും നിർവഹിച്ച് റേഡിയോയുടെ ഡയറക്ടർ ഫാ. ജിതിൻ കളത്തിൽ, മറ്റ് റേഡിയോ സ്റ്റാഫ് അംഗങ്ങൾ, ഫ്ളവേഴ്സ് ടിവി ഫെയിം ഫാ. എബിൻ മടപ്പാംതോട്ടുകുന്നേൽ എന്നിവർ ശബ്ദവും നൽകിയ റേഡിയോ നാടകം പ്രക്ഷേപണം ചെയ്തു. കേരളത്തിലെ മറ്റ് കമ്മ്യൂണിറ്റി റേഡി

യോ സ്റ്റേഷനുകളിൽ, ഓഗസ്റ്റ് 15ന് 'അമൃതഗാനം' എന്ന ഈ റേഡിയോ നാടകം പ്രക്ഷേപണം ചെയ്യാൻ അവസരമൊരുക്കുകയും ചെയ്തു.

**സി പി സി ആർ ഐ പ്രോഗ്രാം**

റേഡിയോ ഫോർ യുവിലെ സ്റ്റാഫ് അംഗങ്ങൾ കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം സന്ദർശിച്ച്, തോട്ടവിള മേഖലയിലെ സാങ്കേതിക വിദ്യകളും വിവരങ്ങളും എന്ന വിഷയത്തെക്കുറിച്ച് സീനിയർ റിസർച്ച് ഫെലോ സോന സജിയുമായി നടത്തിയ അഭിമുഖം പ്രക്ഷേപണം ചെയ്തു.

**കാർഷിക കോളേജ് പടന്നക്കാട്**

പടന്നക്കാട് കാർഷിക കോളേജിലെ അവസാനവർഷ ബിരുദ വിദ്യാർഥി - വിദ്യാർഥിനികൾ പ്രോജക്ട് വർക്കിന്റെ ഭാഗമായി മട്ടുപ്പാവ് കൃഷിയും തുള്ളി നനയും, കാർബൺ ന്യൂട്രൽ ഫാർമിംഗ്, കൃഷിയുടെ ഭാവി യും യുവത്വത്തിന്റെ പങ്കാളിത്തവും, പി പി വി & എഫ് ആർ നിയമങ്ങൾ, ജീനോം സേവ്യർ അവാർഡുകൾ എന്നീ കാർഷിക വിഷയങ്ങളെക്കുറിച്ച് നടത്തിയ അഭിമുഖം പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

**ശ്രീ അജിത്ത് പി. കെ., സബ് ഇൻസ്പെക്ടർ, സൈബർ സെൽ**

'ഡിജിറ്റൽ ഫ്രണ്ട്' എന്ന പുതിയ പ്രോഗ്രാം തുടങ്ങുന്നതിന്റെ ഭാഗമായി സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് കാസർഗോഡ് സൈബർ സെല്ലിലെ സബ് ഇൻസ്പെക്ടർ ശ്രീ. അജിത്ത് പി. കെ. യുമായി റേഡിയോ കോർഡിനേറ്റർ ശ്രീ. സിജോ അമ്പാട്ട് അഭിമുഖം നടത്തി.

**റേഡിയോ നാടക മത്സരം**

പി എൻ പണിക്കർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നാഷണൽ റേഡി യോ മിഷൻ, കമ്മ്യൂണിറ്റി റേഡിയോകൾക്ക്, 'വായിക്കുക വളരുക' എന്ന വിഷയം ആസ്പദമാക്കി നടത്തിയ റേഡിയോ നാടക മത്സരത്തിന്, റേഡി യോ സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ വായന ആളുകളിൽ വരുത്തുന്ന മാറ്റത്തെക്കുറിച്ചുള്ള സന്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട്, ഒരു റേഡിയോ നാടകം റെക്കോർഡ് ചെയ്ത് അയക്കാൻ സാധിച്ചു.

**സ്വാതന്ത്ര്യദിന സന്ദേശം**

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കാസർഗോഡ് എസ് പി ശ്രീ. നിതിൻ രാജ് ഐ പി എസ്, കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ ശ്രീ. വി. വി. രമേശൻ, നഗരസഭ കൗൺസിലർ ശ്രീമതി. ലിസി ജേക്കബ് മണ്ണനാനിക്കൽ എന്നീ ജനസേവകരുടെ സ്വാതന്ത്ര്യദിന സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഓർമ്മയിലെ ഓണം**

റേഡിയോ ഫോർ യൂവിലെ ജനപ്രീതി നേടിയ 'ഓർമ്മയിലെ ഓണം' എന്ന പരിപാടിയിൽ പ്രശസ്ത സാഹിത്യകാരൻ ഡോ. അംബികാസുതൻ മാങ്ങാട്, എഴുത്തുകാരായ ശ്രീ. ദിവാകരൻ വിഷ്ണുമംഗലം, ശ്രീമതി. ബിന്ദു മരങ്ങാട് തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തരായ വ്യക്തികൾ പങ്കെടുത്തു.

**അഭിമുഖങ്ങൾ**

നിരവധി ശ്രദ്ധേയമായ കവിതകളിലൂടെയും 'അമ്മയുടെ ഓർമ്മ പുസ്തകം' എന്ന കൃതിയിലൂടെയും മലയാള സാഹിത്യത്തിൽ അറിയപ്പെടുന്ന കവിയും എഴുത്തുകാരനുമായ ശ്രീ മാധവൻ പുറച്ചേരിയുമായുള്ള അഭിമുഖം രണ്ട് ഭാഗങ്ങളായി പ്രക്ഷേപണം ചെയ്തു.

അധ്യാപകനും നാടൻപാട്ട് കലാകാരനും സംഗീതസംവിധായകനും സാംസ്കാരിക പ്രവർത്തനങ്ങളിലും വിവിധ കലാസാഹിത്യ ക്യാമ്പുകളിലും സജീവ സാന്നിധ്യവുമായ വിജയൻ ശങ്കരംപാടിയുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന് ഉടമയും സോഷ്യൽ മീഡിയയിൽ തന്റെ അതുല്യമായ ഫിംഗർ സ്നാപ്പ് ഡ്രമ്മിങ് പ്രകടനങ്ങളിലൂടെ ലക്ഷക്കണക്കിന് ആളുകളുടെ ശ്രദ്ധ നേടുകയും ചെയ്ത യുവ പ്രതിഭയായ ശ്രീ. മണികണ്ഠൻ എസ്. കോട്ടൂരുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

വിദ്യാഭ്യാസവും ആരോഗ്യവും പരിസ്ഥിതി സംരക്ഷണവും മുൻനിർത്തി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ ബെറ്റർ ലൈഫ് ഫൗണ്ടേഷൻ ഇന്ത്യയിലെ ഹെൽത്ത് & ഹൈജീൻ ഹെഡ് ഡോ. ശ്രുതി പണ്ഡിതുമായി, 'ഗർഭിണീ പരിചരണവും പ്രസവരക്ഷയും' എന്ന വിഷയത്തെക്കുറിച്ചുള്ള അഭിമുഖം പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

**പ്രത്യേക പരിപാടികൾ**

- ഓഗസ്റ്റ് 1 പ്രശസ്ത ചലച്ചിത്ര സംവിധായകനായിരുന്ന ഭരതൻ അനുസ്മരണത്തോടനുബന്ധിച്ച്, മലയാള സിനിമയിൽ അദ്ദേഹം തീർത്ത ദൃശ്യവിസ്മയങ്ങളെകുറിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ഓഗസ്റ്റ് 6 ഹിരോഷിമ ദിനത്തോടനുബന്ധിച്ച് സമാധാനത്തിന്റെ പ്രാധാന്യം ഓർമിപ്പിച്ചുകൊണ്ട് 'ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യന്റെ

നന്മയ്ക്കാണ് ഉപയോഗിക്കേണ്ടത്, നാശത്തിനല്ല' എന്ന സന്ദേശം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

- ഓഗസ്റ്റ് 8 ക്വിറ്റ് ഇന്ത്യാ ദിനത്തോടനുബന്ധിച്ച്, 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിജിയുടെ ആഹ്വാനത്തിലൂടെ സ്വാതന്ത്ര്യത്തിനും സ്വാഭിമാനത്തിനും വേണ്ടി ജാതി, മതം, ഭാഷ എന്നീ വ്യത്യാസങ്ങൾ മറന്ന് ജനങ്ങൾ ഒറ്റക്കെട്ടായി നിന്നതിനെക്കുറിച്ചും, ഇന്നും ആ ഐക്യം കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ഓഗസ്റ്റ് 12 അന്താരാഷ്ട്ര യുവജന ദിനത്തോടനുബന്ധിച്ച് സമൂഹത്തിന്റെ മാറ്റത്തിലും സാങ്കേതികവിദ്യയിലും സമാധാനത്തിലും യുവാക്കൾക്കുള്ള പങ്ക് വിശദീകരിച്ചുകൊണ്ട് 'നാളെ നമ്മുടേതാണ്, മാറ്റം ഇന്നേ തുടങ്ങട്ടെ' എന്ന സന്ദേശവും ഉൾപ്പെടുത്തി പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.
- ഓഗസ്റ്റ് 13 ലോക അവയവദാന ദിനത്തോടനുബന്ധിച്ച് അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും അവയവദാനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തെറ്റായ ധാരണകളും, ഭയവും ദുരീകരിക്കുകയും അവയവദാനം കൊണ്ട് പുതുജീവൻ നൽകാൻ ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ഓഗസ്റ്റ് 18 മലയാളത്തിന്റെ പ്രിയ സംഗീതസംവിധായകനായ ജോൺസൺ മാഷ് അനുസ്മരണത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പാട്ടുകൾ ഉൾപ്പെടുത്തിയുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.
- ഓഗസ്റ്റ് 23 കവിയും ഭാഷാ പണ്ഡിതനുമായിരുന്ന അയ്യപ്പപ്പണിക്കരുടെ അനുസ്മരണദിനത്തിൽ, അദ്ദേഹം മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകളെ കുറിച്ചും ആധുനികതയെ മലയാള സാഹിത്യ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തയാൾ എന്ന നിലയിൽ അറിയപ്പെടുന്നതിന്റെ കാരണത്തെക്കുറിച്ചും വിശദീകരിക്കുന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.
- ഓഗസ്റ്റ് 24 മലയാളത്തിലെ അറിയപ്പെടുന്ന ചിത്രകാരനും എഴുത്തുകാരനുമായിരുന്ന രാജൻ കാക്കനാടൻ അനുസ്മരണത്തോടനുബന്ധിച്ച്,

അദ്ദേഹം മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകളെകുറിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം  ചെയ്തു.

- ഓഗസ്റ്റ് 26 വനിതാസമത്വ ദിനത്തോടനുബന്ധിച്ച് ലിംഗവിവേചനം അവസാനിപ്പിച്ച് സ്ത്രീകളെ സാമൂഹികമായും സാമ്പത്തികമായും സ്വതന്ത്രരാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.
- ഓഗസ്റ്റ് 29 ദേശീയ കായിക ദിനത്തോടനുബന്ധിച്ച് രാജ്യത്തിന്റെ എക്കാലത്തെയും മികച്ച ഹോക്കിതാരമായ മേജർ ധ്യാൻചന്ദ് ഇന്ത്യൻ കായികലോകത്തിന് നൽകിയ വിലമതിക്കാനാവാത്ത സംഭാവനകൾ ഓർമ്മിച്ചുകൊണ്ടും ഈ ദിനം ആചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യാൻ സാധിച്ചു.

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ഇൻഫാം

**ഇൻഫാം അംഗത്വ ക്യാമ്പയിൻ സജീവമായി തുടരുന്നു**

മലയോര മേഖലയിലെ കർഷകരെ ഇൻഫാം സംഘടനയുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിനായി ആരംഭിച്ച ഇൻഫാം അംഗത്വ ക്യാമ്പയിൻ സജീവമായി തുടരുന്നു. പാണത്തൂർ, നടുവിൽ, കാർത്തികപുരം തുടങ്ങിയ വിവിധ മലയോര പ്രദേശങ്ങളിൽ നിന്നായി നിരവധി കർഷകർ ഇൻഫാമിൽ അംഗത്വം സ്വീകരിച്ചു. കർഷകരുടെ അവകാശ സംരക്ഷണം, ക്ഷേമ പ്രവർത്തനങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ എന്നിവ കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി സംഘടനയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ തുടർന്നുവരികയാണ്.

മഴക്കെടുതി: കർഷകർക്ക് പ്രത്യേക സഹായ പാക്കേജ് ആവശ്യപ്പെട്ട് ഇൻഫാം കണ്ണൂർ ജില്ലയിലെ ജോസ്ഗിരി, തയ്യേനി, കാർത്തികപുരം, താബോർ, താളിപ്പാറ തുടങ്ങിയ മലയോര മേഖലകളിൽ ശക്തമായ മഴയെ തുടർന്നുണ്ടായ കനത്ത നാശനഷ്ടങ്ങളിൽ കർഷകർ ദുരിതത്തിലായ സാഹചര്യത്തിൽ, പ്രത്യേക സഹായ പാക്കേജ് അനുവദിക്കണമെന്ന് ഇൻഫാം സർക്കാരിനോട് ആവശ്യപ്പെട്ടു.

മഴക്കെടുതിയിൽ കൃഷിയിടങ്ങൾക്കും കാർഷിക വിളകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനായി ഇൻഫാം ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെസ്ബിൻ ചെരിയംകുന്നേൽ എന്നിവരും ഇൻഫാമിന്റെ മറ്റ് ഭാരവാഹികളും ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. കർഷകരെയും പ്രദേശവാസികളെയും നേരിൽ കണ്ട് സ്ഥിതിഗതികൾ വിലയിരുത്തുകയും മഴക്കെടുതിയുടെ വ്യാപ്തിയും കർഷകർ നേരിടുന്ന പ്രതിസന്ധികളും മനസ്സിലാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ദുരിതബാധിത കർഷകർക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യം സർക്കാരിന് മുന്നിൽ ഉന്നയിച്ചത്.

**ശ്രീ. അജി പൂന്തോട്ടത്തിൽ**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
# 2026 സെപ്റ്റംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

05 : ഏകദിന കൺവെൻഷൻ
06–10 : ആന്തരിക സൗഖ്യ ധ്യാനം
11 : ഏകദിന ധ്യാനം (2 pm – 8 pm)
12 : ഏകദിന കൺവെൻഷൻ
മദർഹോം വാർഷികം
13–16 : KANNADA RETREAT
19 : ഏകദിന കൺവെൻഷൻ
20–25 : വൈദികരുടെ ധ്യാനം
25 : ഏകദിന ധ്യാനം (2 pm – 8 pm)
26 : ഏകദിന കൺവെൻഷൻ

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

05–08 : ആന്തരിക സൗഖ്യ ധ്യാനം
19–22 : ആന്തരിക സൗഖ്യ ധ്യാനം

**3. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

12 : ജാഗരണ പ്രാർത്ഥന
13–16 : ആന്തരിക സൗഖ്യ ധ്യാനം
27–30 : ആന്തരിക സൗഖ്യ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2026

21-22 ഇന്തോനേഷ്യയിൽവച്ച് ചേർന്ന എഫ്.എ.ബി.സി പ്ലീനറി അസംബ്ലിയിൽ പങ്കെടുത്തു.

23 കാഞ്ഞങ്ങാട് ഇടവകയിൽ നിര്യാതയായ അന്നക്കുട്ടി കോടിമറ്റത്തിന്റെ മൃതസംസ്കാരശുശ്രൂഷാകർമ്മം നിർവഹിച്ചു.

24 വിളക്കന്നൂർ ദൈവാലയത്തിൽവച്ച് ബഹു. തോമസ് പതിക്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷാകർമം നിർവ്വഹിച്ചു.

25 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ട് മൈനർ സെമിനാരി സന്ദർശിച്ചു.

27 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ ആലോചനാസമിതിയോഗത്തിന് അധ്യക്ഷത വഹിച്ചു.

28 വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കോളയാട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

29 തലശ്ശേരി അതിരൂപതാ ആലോചനാസമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ സന്ദർശകരെ സ്വീകരിച്ചു.

30 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവഹിച്ചു.

31 രാവിലെ തലശ്ശേരി സാൻജോസ് സ്കൂൾ ജൂബിലി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചേർന്ന ചരിത്രരചനാംഗങ്ങളുടെ മീറ്റിംഗിനും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റാഫ് മീറ്റിംഗിനും അധ്യക്ഷത വഹിച്ചു.

### ഓഗസ്റ്റ് 2026

01 ആലക്കോട് ഫൊറോനാ ദൈവാലയത്തിൽ വച്ച്ചേർന്ന വിൻസെന്റ് ഡി പോൾ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് വർഷം ഉദ്ഘാടനം ചെയ്തു.

02 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതല കൾ നിർവഹിച്ചു.

03-07 കെ.സി.ബി.സി ധ്യാനത്തിൽ പങ്കെടുത്തു.

08 പുതുതായി നിർമ്മിക്കുന്ന ചരൾ ഇടവകാദൈവാലയത്തിന്റെ പ്രധാന കവാടം സ്ഥാപിക്കൽ ചടങ്ങ് നിർവ്വഹിച്ചു. തുടർന്ന് വായാട്ടുപറമ്പ് ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ സ്റ്റെഫിൻ കലയ ന്താനത്തിന്റെ പൗരോഹിത്യസ്വീകരണ ശുശ്രൂഷാകർമത്തിന് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പരിയാരം മദർ ഹോമിൽ നവീകരിച്ച സാൻജോസ് ബ്ലോക്ക് വെഞ്ചരിച്ചു. തുടർന്ന് കാലവർഷ ക്കെടുതി ബാധിച്ച ഉദയഗിരി, ജോസ്ഗിരി, പാലാവയൽ, തയ്യേനി മേഖല കൾ സന്ദർശിച്ചു.

09-13 പരിയാരം മദർഹോമിൽ വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

13 ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ബിരുദദാന ചടങ്ങിന് അധ്യക്ഷത വഹിച്ചു.

14 വൈദികരുടെ വാർഷികധ്യാന സമാപനത്തിന് സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് പ്രകൃതിദുരന്തം നേരിട്ട പ്രദേശങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുവേണ്ടി വിളിച്ചുചേർന്ന പ്രസ്കോൺഫറൻസിൽ സംസാരിച്ചു.

15 രാവിലെ അതിരൂപതാ കേന്ദ്രത്തിലും സാൻജോസ് സ്കൂളിലും ദേശീയ പതാക ഉയർത്തി. തുടർന്ന് ചെമ്പേരി ബസിലിക്കാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം ഉദയഗിരി ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിച്ചു.

16 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതല കൾ നിർവഹിച്ചു.

17-28 സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

SEPTEMBER 2026

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 08:30 am | - | GSMS Kunnoth |
| | 02:00 pm | - | Nellickampoil: TSSS Annual Day |
| 02 | | - | GSMS Commission |
| 03 | 09-12 pm | - | Thalassery: Visitors Day |
| | 02:30 PM | - | AKCC Meeting |
| 04-06 | | - | Ernakulam |
| 07 | 09-12 pm | - | Thalassery: Visitors Day |
| 08 | 10:00 am | - | Panathoor: Jubilee |
| | 08:30 pm | - | Thalassery: Resource Team Meeting |
| 09 | 09:30 am | - | Kunnoth: NS Vestition |
| 10 | 10:00 am | - | VJEC Governing Body Meeting |
| 11 | 10:00 am | - | Finance Council |
| 12 | 10:00 am | - | Cherupuzha: Sisters Regional Meet |
| 13-14 | | - | Ernakulam |
| 15-16 | | - | Punjab |
| 17-18 | | - | Bangalore: CBCI Standing Committee Meeting |
| 19 | 08:30 am | - | GSMS Kunnoth |
| | 02:00 pm | - | Edoor |
| | 03:30 pm | - | Manikkadavu |
| 20 | | - | Nedumpuramchal: Pastoral Visit |
| 21 | 03:00 pm | - | Gundelpet: Sanctha Matha Nursing College |
| 22-25 | | - | Pariyaram: Annual Retreat Batch II |
| 26 | 10:00 am | - | Chemperi: Preist Parents Meet |
| 28 | 10:00 am | - | Manikkadavu: Parish Council Meet |
| | 02:30 pm | - | Nellickampoil: Parish Council Meet |
| 29-30 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ഓഗസ്റ്റ് 2026**

06 വിദേശയാത്രയ്ക്ക് ശേഷം നാട്ടിൽ തിരിച്ചെത്തി.

10 നടവയൽ ഇടവകയിൽവച്ച് ഏലിയാ വർക്കി വടക്കാഞ്ചേരി ടീച്ചറുട മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമങ്ങൾക്ക് നേതൃത്വം നൽകി.

12 രാവിലെ പരിയാരം മദർ ഹോമിൽ വെച്ച് വൈദികരുടെ വാർഷിക ധ്യാനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അതുകഴിഞ്ഞ് വിളക്കന്നൂരിൽ പോയി ബഹു. തോമസ് പതിക്കൽ അച്ചന്റെ കല്ലറയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് പേരാവൂർ ഇടവകയിലെ ബഹു. വടക്കേമുളഞ്ഞനാൽ തോമസ് അച്ചന്റെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു.

14 വൈകുന്നേരം വെള്ളരിക്കുണ്ടിലെ മൈനർ സെമിനാരി സന്ദർശിച്ചു.

15 രാവിലെ മേരിപുരം ഇടവകയിൽ വി. കുർബാന അർപ്പിച്ച് പുതിയ ദൈവാലയത്തിന്റെ കുറ്റിനാട്ടൽ കർമ്മം നിർവഹിച്ചു.

16 രാവിലെ കോളയാട് ഇടവകയിലെ ഇടവക സ്ഥാപനത്തിന്റെ 40-ാം വർഷ ജൂബിലിയിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

23 ആദരിച്ചു. 21 വർഷം ദൈവാലയ ശുശ്രൂഷിയായിരുന്നു കുഴികണ്ടത്തിൽ അപ്പച്ചന് യാത്രയപ്പ് മംഗളങ്ങൾ നേർന്നു.

17-28 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

29 രാവിലെ രണ്ടാംകടവ് ഇടവകയിൽ വെച്ച് ഒരു കുഞ്ഞിന്റെ മാമോദിസ കർമ്മം നിർവഹിച്ചു. ഉച്ചയ്ക്ക് പേരാവൂർ ഇടവകയിലെ മാണിക്കത്താഴെ കുടുംബത്തിന്റെ പുതിയ ഭവനം വെഞ്ചിരിച്ചു.

വൈകുന്നേരം ആര്യപറമ്പ് ഇടവകയിൽ വച്ച് നടന്ന ബഹു. ജോബി കരിന്തോളിൽ അച്ചന്റെ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**SEPTEMBER 2026**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 08:40 am | - | Class @ GSMS, Kunnoth |
| 04 | 08:40 am | - | Class @ GSMS, Kunnoth |
| 05 | 10:00 am | - | Festal Mass @ Padamkavala |
| 07 | 04:00 pm | - | Holy Mass @ Areekamala |
| 08 | 10:00 am | - | Consecraction of Alter and Festal Mass @ Kripalayam, Cherupuzha |
| | 04:00 pm | - | Holy Mass @ Kiliyanthara |
| 09 | 08:40 am | - | Class @ GSMS, Kunnoth |
| | 11:00am | - | Vesition @ Nazreth Generalte Kunnoth |
| 11 | 08:40 am | - | Class @ GSMS, Kunnoth |
| 14 | 08:40 am | - | Class @ GSMS, Kunnoth |
| 17 | 10:30 am | - | I$^{st}$ Death Anniversary of Archbishop Mar. Jacob Thoomkuzhy @ Calicut |
| 19 | 10:30 am | - | Seniors Day @ Nazareth, Kunnoth |
| | 05:00 pm | - | Holy Mass @ Lasllet Bhavan, Chemberi |
| 21 | 10:30 am | - | Marriage @ Alakode |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഓഗസ്റ്റ് 2026

01 പാലാവയൽ സെന്റ് ജോൺസ് ദൈവാലയത്തിൽ വച്ച് നിഖിൽ പരതേപതിക്കലിന്റെയും അനു കണ്ണപ്പള്ളിയിലിന്റെയും വിവാഹം ആശീർവദിച്ചു.

02 പെരാവൂർ വടക്കേമുളഞ്ഞനാൽ ജിനു അച്ചന്റെയും മൈക്കിൾ അച്ചന്റെയും മാതാവ് മേരി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

04 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 115-ാം ജന്മദിനത്തോടനുബന്ധിച്ച് വള്ളോപ്പിള്ളി കുടുംബാംഗങ്ങളോടൊപ്പം വി. ബലി അർപിച്ചു.

06 ദീപഗിരി ഇടവകയിൽ മണ്ഡപത്തിൽ കുന്നേൽ ലൂക്കാ(98)യുടെ മൃതസംസ്കാരശുശ്രൂഷയിൽ മക്കൾ ഫാ. ഷൈജു CMI (ഓസ്ട്രേലിയ)യുടെയും, ഫാ. ഷാജി Holy Cross (Canada)യുടെ ഒപ്പവും മുഖ്യ കാർമികത്വവും വഹിച്ചു.

09-14 തലശ്ശേരി അതിരൂപതയിലെ വൈദീകർക്കായി സംഘടിപ്പിക്കുന്ന വാർഷികധ്യാനത്തോടനുബന്ധിച്ച് പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിൽ ഒന്നാം ബാച്ചിന്റെ കൂടെ ധ്യാനത്തിൽ പങ്കെടുത്തു.

15 സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വച്ച് മാതാവിന്റെ സ്വർഗ്ഗാരോഹണത്തോടനുബന്ധിച്ച് വൈദിക വിദ്യാർഥികൾക്കായി വി. ബലി അർപിച്ചു.

17 താമരശ്ശേരി രൂപതയിൽ മഞ്ഞുവെയിൽ ഇടവകയിൽ കുന്നത്തേട്ട് വക്കച്ചന്റെയും മേരിയുടെയും വിവാഹ സുവർണ ജൂബിലിയും സിൽജ്, ശ്രീന ദമ്പതികളുടെ മകളുടെ മാമ്മോദീസായും നടത്തി.

20 തിരുവമ്പാടി ഇടവകയിൽ വച്ച് പയ്യമ്പള്ളി സണ്ണി സാറിന്റെ മകന്റെ വിവാഹ വാഗ്ദാന ശുശ്രൂഷയിൽ സംബന്ധിച്ചു.

22 തിരുവനന്തപുരം പട്ടം കത്തീഡ്രലിൽ മലങ്കര സഭയുടെ മേജർ ആർച്ചുബിഷപ്പ് ബസേലിയൂസ് കാർഡിനൽ ക്ലീമിസ്സ് ബാവയുടെ എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.



തലശ്ശേരി അതിരൂപത സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ
48-ാം ജനറൽ മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്
ഉദ്ഘാടനം ചെയ്യുന്നു. (ആലക്കോട്, 2026 ആഗസ്റ്റ് 01 )



തലശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി
സംഘടിപ്പിച്ച 'സോൾട്ട്' പ്രോഗ്രാമിന്റെ അതിരൂപതാതല ഉദ്ഘാടനം
തലശേരി അതിരൂപത ചാൻസലർ ഫാ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ നിർവഹിക്കുന്നു.

(ചെമ്പേരി, 2026 ആഗസ്റ്റ് 24)

RNI Reg. No. 5910 Date of Publication: 28/08/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 09 വില : ₹10

## സെപ്റ്റംബർ 05, വി. മദർ തെരേസ



Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery. Published from Archbishop's House, Hollow Way Road, Thalassery - 670 101. Editor- Fr. Sajan George Thengumpally.